# 5

# അടിസ്ഥാന ലൈഫ് ഇൻഷുറൻസ് ഉൽപന്നങ്ങള്

| അദ്ധ്യായ ഉള്ളടക്കങ്ങൾ | സിലബസ് പഠന ഫലങ്ങൾ |
|---|---|
| പഠനലക്ഷ്യങ്ങൾ | |
| ആമുഖം | |
| പ്രധാന വാക്കുകൾ | |
| എ പരിരക്ഷാ ആവശ്യങ്ങൾ | 5.1 |
| ബി ലൈഫ് ഇൻഷുറൻസ് ഉൽപന്നങ്ങള് | 5.2 |
| സി നികുതി ഈടാക്കലും പണപ്പെരുപ്പവും | 5.3 |
| ഡി പരിരക്ഷാ ആവശ്യങ്ങൾക്ക് മുൻഗണന കൊടുക്കല് | 5.4 & 5.5 |
| പ്രധാന വാക്കുകൾ | |
| ചോദ്യോത്തരങ്ങൾ | |
| സ്വയം- പരീക്ഷാ ചോദ്യങ്ങള് | |

**പഠന ലക്ഷ്യങ്ങൾ**

ഈ അദ്ധ്യായം പഠിച്ചതിനുശേഷം നിങ്ങൾക്ക് സാധിക്കുന്നവ:

- ഒരു വ്യക്തിയുടെ വ്യത്യസ്ത പരിരക്ഷാ ആവശ്യങ്ങളുടെ രൂപരേഖ തയ്യാറാക്കുക;
- പരിരക്ഷാ ആവശ്യങ്ങളെ ബാധിക്കുന്ന വ്യക്തിപരമായ ഘടകങ്ങൾ വിശദീകരിക്കുക;
- ലൈഫ് ഇൻഷുറൻസ് പ്ലാനിന്റെ അടിസ്ഥാന ഘടകങ്ങള് വിശദീകരിക്കുക;
- ഇൻഷുറൻസ് വ്യവസായം വാഗ്ദാനം ചെയ്യുന്ന അടിസ്ഥാന ലൈഫ് ഇൻഷുറൻസ് ഉൽപന്നങ്ങളുടെ രൂപരേഖ തയ്യാറാക്കുക;
- വ്യത്യസ്തതരം ലൈഫ് ഇൻഷുറൻസ് പ്ലാനുകള് വിശദീകരിക്കുക;
- ലൈഫ് ഇൻഷുറൻസ് ഉൽപന്നങ്ങളുടെ നികുതിപരമായ കാര്യങ്ങള് വിശദീകരിക്കുക;
- ലൈഫ് ഇൻഷുറൻസ് ഉൽപന്നങ്ങളെ നാണയപ്പെരുപ്പം ബാധിച്ചതെങ്ങനെയെന്ന് വിശദീകരിക്കുക;
- കക്ഷികളുടെ ആവശ്യം മുൻഗണനാ അടിസ്ഥാനത്തില് തിരിക്കുകയും കക്ഷികളുടെ ആവശ്യങ്ങള് അടിസ്ഥാന ലൈഫ് ഇൻഷുറൻസ് ഉൽപന്നങ്ങളില് പ്രസ്തുത ആവശ്യങ്ങള് നിർവ്വഹിക്കാന് പ്രയോഗിക്കുകയും ചെയ്യുക.

**ആമുഖം**

നമ്മൾ അദ്ധ്യായം 1 ല് കണ്ടതുപോലെ, പരിരക്ഷാ ആവശ്യങ്ങള് ഉണ്ടാകുന്നത് വ്യക്തികളെയോ അവരുടെ ആശ്രിതരെയോ അപ്രവചനീയമായ സാമ്പത്തിക ദുരന്തങ്ങൾ പിടിച്ചുലക്കുമ്പൊഴാണ്. ഇത്തരം ഇൻഷേർഡ് സംഭവങ്ങള് ഉണ്ടാകുമ്പോള് സംജാതമാകുന്ന സാമ്പത്തിക നഷ്ടത്തിന് പകരമായാണ് ഇൻഷുറൻസുകള് ലഭ്യമാക്കിയിട്ടുള്ളത്.

ഇൻഷുറൻസ് പരിരക്ഷ കാരണം ആനുകൂല്യം ലഭിക്കുമെന്ന് വ്യക്തികൾക്ക് അറിയാമെങ്കിലും അവരുടെ പരിരക്ഷ എന്തായിരിക്കുമെന്നതിനുള്ള ധാരണ സാധാരണ ഉണ്ടാകാറില്ല.

ഇത്തരം ആളുകളെ ശരിയായ തിരഞ്ഞെടുപ്പ് നടത്താൻ സഹായിക്കുക ഒരു ഏജന്റിന്റെ ചുമതലയാണ്.

ഈ അദ്ധ്യായത്തിൽ നമ്മള് വിപണിയില് ലഭ്യമായ വിവിധതരം ഇൻഷുറൻസ് പ്ലാനുകളുടെ പ്രത്യേകതകളെക്കുറിച്ച് പഠിക്കും– പ്രധാനമായും – കക്ഷിയ്ക്ക് അനുയോജ്യമായത്. അദ്ധ്യായം 6 ലും 7 ലും നമ്മൾ വ്യക്തിയുടെ നിക്ഷേപ ആവശ്യങ്ങളെക്കുറിച്ചും അവ സാധിക്കാന് ലഭ്യമായ ഉൽപന്നങ്ങളുടെ ശ്യംഖലയെക്കുറിച്ചും ശ്രദ്ധിക്കും. മാത്രമല്ല ഹെൽത് ഇൻഷുറൻസ് പോലുള്ള ഏജന്റുമാര് മനസ്സിലാക്കേണ്ട മറ്റ് ഉൽപന്നങ്ങളെക്കുറിച്ചും മനസ്സിലാക്കും.

ഈ മനസ്സിലാക്കൽ നിങ്ങളുടെ കക്ഷികളെ വ്യക്തിപരമായ ആവശ്യങ്ങൾക്കും സാഹചര്യങ്ങൾക്കും ഏറ്റവും അനുയോജ്യമായ തരത്തിൽ ഇൻഷുറൻസ് പരിരക്ഷ നേടാന് ഉപദേശിക്കാന് സഹായിക്കുന്നു.

| പ്രധാന വാക്കുകൾ | | | |
|---|---|---|---|
| ഈ അദ്ധ്യായം താഴെപ്പറയുന്ന വാക്കുകളും ആശയങ്ങളുടെയും വിശദീകരണങ്ങളാണ്: | | | |
| പരിരക്ഷാ ആവശ്യങ്ങൾ | മൃത്യു പരിരക്ഷയെ സ്വാധീനിക്കുന്ന കാര്യങ്ങൾ | മൃത്യു പരിരക്ഷ | അതിജീവന ആനുകൂല്യം |
| ടേം ഇൻഷുറൻസ് പ്ലാന് | ശുദ്ധ എന്റോവ്മെന്റ് പ്ലാൻ | എന്റോവ്മെന്റ് ഇൻഷുറൻസ് പ്ലാൻ | മൊത്തം ലൈഫ് ഇൻഷുറൻസ് പ്ലാൻ |
| കവേർട്ടബിൾഇൻഷുറൻസ് പ്ലാന് | ഒറ്റ ഇൻഷുറൻസ് പ്ലാൻ | സംയുക്തലൈഫ് ഇൻഷുറൻസ് പ്ലാൻ | ഗ്രൂപ്പ് ഇൻഷുറൻസ് പ്ലാൻ |
| മൈക്രോ ഇൻഷുറൻസ് പ്ലാന് | യൂലിപ്പുകൾ | ലാഭത്തോടെയുള്ള പോളിസി | നികുതി ഈടാക്കൽ |
| നാണയപ്പെരുപ്പം | ആവശ്യങ്ങൾക്ക് മുൻഗണന കൊടുക്കൽ | ചൈൽഡ് പ്ലാന് | മണി ബാക്ക് പ്ലാൻ |

## എ.പരിരക്ഷാ ആവശ്യങ്ങൾ

ഒരു ലൈഫ് ഇൻഷുറൻസ് ഏജന്റ് എന്ന നിലയ്ക്ക് നിങ്ങള് ഒരു വ്യക്തിയുടെ മൃത്യുമോ വൈകല്യമോ സംഭവിച്ചാൽ നൽകേണ്ട പരിരക്ഷയുടെ കാര്യത്തില് കൂടുതലായി ശ്രദ്ധിക്കും.

മുന്നോട്ടുപോകുന്നതിനുമുമ്പ് താഴെക്കാണുന്ന കേസ് സ്റ്റഡി നമുക്കൊന്ന് പരിശോധിക്കാം:

**കേസ് സ്റ്റഡി: പ്രശാന്തിന്റെ ജീവിതം വളരെ മോശമാകുന്നു**

**ഘട്ടം I**

പ്രശാന്ത് 35 വയസ്സായ, തന്റെ ജോലിയില് സ്ഥിരതയുള്ള ഒരാളാണ്. അയാളുടെ ഭാര്യ ഒരു വീട്ടമ്മയാണ്, അവർക്ക് 7 വയസ്സായ നിശാന്ത് എന്നുപേരായ ഒരു മകനുണ്ട്. നിശാന്ത് ഒരു ഡോക്ടറാകണമെന്നാണ് പ്രശാന്തിന്റെ ആഗ്രഹം. അതിനായി കഴിഞ്ഞ രണ്ട് വർഷമായി മാസം തോറും 5,000 രൂപ മ്യൂച്ചല് ഫണ്ടിൽ നിക്ഷേപിക്കുന്നു. പ്രശാന്തിന്റെ രക്ഷിതാക്കള് വിരമിച്ച് അയാളെ അശ്രയിച്ച് ജീവിക്കുന്നവരാണ്.

പ്രശാന്ത് 2,00,000 രൂപയ്ക്ക് 10 വർഷത്തേയ്ക്കുള്ള ഒരു എന്റോവ്മെന്റ് പോളിസിയില് ചേരുകയും വർഷം 20,000 രൂപ പ്രീമിയമായി അടയ്ക്കുകയും ചെയ്യുന്നു. ഇത് നികുതി ആനുകൂല്യങ്ങൾ നേടാനുള്ള ഒരു കാര്യം മാത്രമാണ് അതിനാൽ 2,00,000 രൂപയുടെ പരിരക്ഷ പ്രശാന്തിന് അത്ര പ്രധാനപ്പെട്ടതല്ല. നികുതി ആനുകൂല്യങ്ങളാണ് അയാളെ ഇതിലേക്ക് ആകർഷിച്ചത്.

കഴിഞ്ഞ വർഷം പ്രശാന്ത് പുതിയൊരു വീട്ടിലേയ്ക്ക് മാറി. മുമ്പ് വാടകയ്ക്കാണ് അയാള് താമസിച്ചിരുന്നത്. പ്രശാന്തിനിപ്പോൾ 40 ലക്ഷത്തിന്റെ ഹൌസ് ലോണും 7 ലക്ഷത്തിന്റെ കാര് ലോണുമുണ്ട്. വർഷത്തിലൊരിക്കല് തന്റെ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് യാത്ര നടത്തുകയും പതിവാണ്. ഇൻഡ്യയുടെ വളർന്നുകൊണ്ടിരിക്കുന്ന മദ്ധ്യവർഗ്ഗത്തിന്റെ തിളങ്ങുന്ന അദ്ധ്യായമാണ് പ്രശാന്ത്.

**ഘട്ടം II**

സന്തോഷങ്ങളുടെയെല്ലാം മറുപുറത്ത് വിധി മറ്റൊന്നാണ് പ്രശാന്തിന് കരുതിവെച്ചിരുന്നത്. മുംബെയിൽ ഔദ്യോഗിക കൂടിക്കാഴ്ചയ്ക്കുശേഷം തനിക്ക് 8 ആം പിറന്നാള് സമ്മാനമായി വാഗ്ദാനം ചെയ്തിരുന്ന സൈക്കിളിനായി നിശാന്ത് ആകാംക്ഷാപൂർവ്വം കാത്തിരിക്കുകയാണ്. പക്ഷെ തന്റെ അച്ഛന് ഒരിക്കലും തിരിച്ചുവരില്ല എന്ന് ആ കുട്ടി അറിഞ്ഞിരുന്നില്ല. പ്രശാന്തിന്റെ വിമാനം യാത്രാമദ്ധ്യേ തകരുകയും അയാൾ മൃത്യുവടയുകയും ചെയ്തു. പ്രശാന്തിന്റേതായി അന്ന് വീട്ടിലെത്തിയത് അയാളുടെ ദാരുണ മൃത്യുവിനെക്കുറിച്ചുള്ള വിവരം മാത്രമാണ്.

**ഘട്ടം III**

ഇതുമാത്രമല്ല പ്രശാന്തിന്റെ കുടുംബത്തെ തേടിവന്ന ദുരന്തം, പ്രശാന്തിന്റെ മരണം ഒരു ആരംഭം മാത്രമായിരുന്നു. കുടുംബത്തിന്റെ കണ്ണീരുണങ്ങുന്നതിനും മുമ്പേ കടക്കാര് വീട്ടുപടിക്കലെത്തി. ക്രെഡിറ്റ് കാർഡ് റിക്കവറി ഏജന്റുമാര് ആദ്യമെത്തി. കാർ ലോണ് തിരിച്ചടയ്ക്കാതായപ്പോള് റിക്കവറി ഏജന്റുമാര് കാര് പിടിച്ചെടുത്തു. കുടുംബത്തിനേറ്റ ഏറ്റവും വലിയ ആഘാതം വീട് ഒഴിയണമെന്നുള്ള ബാങ്കിന്റെ അറിയിപ്പാണ്.

നിശാന്തിന്റെ വിദ്യാഭ്യാസ സ്വപ്നങ്ങള് കൊഴിഞ്ഞുപോവുകയും ജീവിതം വഴിമുട്ടുകയും ചെയ്തു, പ്രശാന്ത് മാത്രമായിരുന്നുവല്ലോ അവരുടെ ഒരേയൊരു വരുമാനദാതാവ്.

2,00,000 രൂപയുടെ എന്റോവ്മെന്റ് പോളിസി തുക ഒരു വർഷ്ത്തേയ്ക്കുള്ള കുടുംബ ചിലവിനുപോലും മതിയാകുമായിരുന്നില്ല. പ്രശാന്ത് ഈ പോളിസി എടുത്തത് വെറും നികുതി നേട്ടത്തിനുവേണ്ടി മാത്രമാണ്.

തൽക്കാലത്തേയ്ക്ക് ഈ കേസ് സ്റ്റഡി മനസ്സില് വെയ്ക്കുക, അദ്ധ്യായത്തിന്റെ ബാക്കി ഭാഗത്തേയ്ക്ക് പ്രവേശിക്കാം. പിന്നീട് ഡി വിഭാഗത്തിൽ നമ്മള് പ്രശാന്തിനും കുടുംബത്തിനും ചെയ്യാമായിരുന്ന വ്യത്യസ്ത കാര്യങ്ങളെക്കുറിച്ച് നോക്കാം.

**എ1 ഒരു വ്യക്തിയുടെ സാധാരണ പരിരക്ഷാ ആവശ്യങ്ങൾ**

ഇൻഷുറൻസിന്റെ രൂപത്തില് ഒരു വ്യക്തിയ്ക്ക് പരിരക്ഷ ആവശ്യമായിരിക്കുന്നതിന് ഒരുപാട് കാരണങ്ങളുണ്ട്. പ്രസ്തുത ആവശ്യങ്ങൾ ചുവടെ:

**എ1എവരുമാനം**

നിലവിലും ഭാവിയിലും ഒരു വ്യക്തിയുടെ വരുമാനം നിലനിർത്തുക എന്നത് വളരെ അത്യാവശ്യമാണ്. മുകളിൽ കണ്ട കേസ് സ്റ്റഡിയില് അസമയത്തുള്ള മൃത്യുവും വരുമാനമില്ലായ്മയും കൂടിച്ചേർന്ന് എങ്ങനെയാണ് ഒരു കുടുംബത്തെ തകർത്തുകളഞ്ഞതെന്ന് നാം കണ്ടു. ടേം ഇൻഷുറൻസ് മുഖാന്തരം ഭാവിയിൽ നഷ്ടമാകുന്ന വരുമാനത്തിന് ബദല് കണ്ടെത്താന് സാധിക്കും.

**എ1ബിവൈദ്യ ആവശ്യങ്ങൾ**

വൈദ്യപരമായ അടിയന്തരഘട്ടങ്ങള് തീരെ അപ്രതീക്ഷിതമായിട്ടായിരിക്കും കടന്നുവരുക. മുകളിൽ കണ്ട കേസ് സ്റ്റഡിയിൽ നമ്മള് കണ്ടതുപോലെ പ്രശാന്തിന്റെ വിശ്രമജീവിതം നയിക്കുന്ന രക്ഷിതാക്കള് അവരെ ആശ്രയിച്ചാണിരിക്കുന്നത്. പ്രായാധിക്യം കൊണ്ട് രോഗബാധകളുണ്ടാകുമ്പോൾ അത് കുടുംബനാഥന്റെ

വരുമാനത്തെ ഗണ്യമായി ബാധിക്കും. വൈദ്യ ഇൻഷുറൻസ് ഇത്തരം വൈദ്യപരമായ അടിയന്തരാവസ്ഥകളിൽ സഹായിക്കുന്നു.

**എ1സിആശ്രിതർ**

**•കുട്ടികളുടെ വിദ്യാഭ്യാസം**: ഇക്കാലത്ത് ഒരുപാട് കുട്ടികൾക്ക് ആഗ്രഹം എംബിഎ/എഞ്ചിനിയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് പോകാനാണ്, മാത്രമല്ല വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമേ മികച്ച വിദ്യാഭ്യാസം നൽകുന്നുള്ളൂ, അതുപോലെ വിദ്യാഭ്യാസത്തിന്റെ ചിലവ് കുതിച്ചുയരുകയും ചെയ്യുന്നു. അതിന്റെ ഫലമായി രക്ഷിതാക്കൾക്ക് കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് മുൻകൂട്ടി പദ്ധതി തയ്യാറാക്കേണ്ടിവരുന്നു. മുകളിൽ കണ്ട കേസ് സ്റ്റഡിയില് കണ്ടതുപോലെ രക്ഷിതാക്കളുടെ അകാലത്തിലുള്ള മരണം കുട്ടികളുടെ വിദ്യാഭ്യാസത്തെ തല്ലിക്കൊഴിച്ചേക്കാം. അതിനാൽ കുട്ടികളുടെ വിദ്യാഭ്യാസത്തെ ചൈൽഡ് എഡ്യുക്കേഷന് ഇൻഷുറൻസുകള് കൊണ്ട് പരിരക്ഷിക്കണം. ഒരു ചൈൽഡ് ഇൻഷുറൻസ് പ്ലാനിന് (അടുത്ത അദ്ധ്യായത്തിൽ നമ്മള് ഇത് വിശദമായി പഠിക്കും) രക്ഷിതാക്കളുടെ അഭാവത്തില് ഈ പ്രശ്നത്തിന് പരിഹാരം കാണാന് സാധിക്കും.

• **കുട്ടികളുടെ വിവാഹം**: കുട്ടികൾക്ക് നിലവാരമുള്ളതെല്ലാം ലഭിക്കാന് രക്ഷിതാക്കള് എന്തുവേണമെങ്കിലും ചെയ്യും. അവരുടെ മകളുടെ വിവാഹം നഗരം കണ്ട ഏറ്റവും മികച്ച നിലയില് ഒരുപാട് അതിഥികളെ വിളിച്ച് നടത്തണമെന്ന് ഏത് രക്ഷിതാക്കളാണ് ആഗ്രഹിക്കാത്തത്. അവരുടെ സ്വപ്നം പൂവണിയിക്കാൻ കുട്ടിയുടെ വളർച്ചാ ആരംഭം മുതല് അതിനുള്ള ഒരുക്കവും ആരംഭിക്കണം. പക്ഷെ രക്ഷിതാക്കളുടെ അകാല മരണം ഈ സ്വപ്നങ്ങളെയെല്ലാം കാറ്റില് പറത്തിയേക്കാം; അതിനാൽ തന്നെ പരിരക്ഷയും ആവശ്യമാണ്. ഒരു ചൈൽഡ് ലൈഫ് ഇൻഷുറൻസ് പ്ലാനിന് ഇതിനെതിരെ പരിരക്ഷ നൽകാന് സഹായിക്കാനാകും.

**എ1ഡി ആസ്തികളും ബാദ്ധ്യതകളും**

**വീട്, കാർ അല്ലെങ്കില് ബിസിനസ്സ് മുതലായ ആസ്തികള് നമുക്കേറെ പ്രധാനപ്പെട്ടതാണ്.**

ഇത്തരം ആസ്തികള് നിർമ്മിക്കാന് – ഒരുപാട് പ്രാഥമിക നിക്ഷേപം ആവശ്യമുള്ളതിനാൽ - അവയ്ക്കാവശ്യമായ ലോണ് നമുക്ക് എടുക്കേണ്ടിവരും. ഈ ലോണുകൾ സമയത്തിന് അടച്ചുതീർക്കുന്നു എന്നത് കുടുംബത്തിലെ വരുമാനദാതാവ് ഉറപ്പുവരുത്തേണ്ട കാര്യമാണ്. പക്ഷെ വരുമാനദാതാവ് അകാലമൃത്യുവടയുകയാണെങ്കില് ആരാണ് ഈ ലോണുകളുടെ കാര്യം നോക്കിനടത്തുക? മുകളിൽ കണ്ട കേസ് സ്റ്റഡിയിൽ എങ്ങനെയാണ് പ്രശാന്തിന്റെ കുടുംബത്തിന് കാറും വീടുമെല്ലാം നഷ്ടമായത് എന്ന് നമ്മൾ കണ്ടു.

പ്രശാന്തിന്റെ അഭാവത്തിൽ, കുടുംബത്തിന്റെ വരുമാനക്കാര്യം ഉറപ്പുവരുത്തേണ്ടതുണ്ട്. ഹോം ഇൻഷുറൻസോ അല്ലെങ്കില് അധിക ടേം ഇൻഷുറൻസിനോ ഇക്കാര്യത്തില് സഹായിക്കാനാകും. അധിക ടെം ഇൻഷുറൻസ് പ്ലാനിന് ക്രെഡിറ്റ് കാർഡ് ബാക്കികൾ, പേഴ്സണൽ ലോണുകൾ, കാർ ലോണ് കൂടാതെ മറ്റേതെങ്കിലും ലോണുകളൊക്കെ വരുമാനദാതാവിന്റെ അകാലമരണം സംഭവിക്കുന്നപക്ഷം പ്രദാനം ചെയ്യാനാകും.

**എ1ഇ കുടുംബം നോക്കിനടത്തൽ**

വരുമാനദാതാവിന്റെ അഭാവത്തില് കുടംബത്തെ പരിരക്ഷിക്കേണ്ട ആവശ്യമുണ്ട്. കേസ് സ്റ്റഡിയിൽ നമ്മള് പ്രശാന്തിന്റെ കുടുംബം അതിജീവിക്കാന് ബുദ്ധിമുട്ടുന്ന കാര്യം കണ്ടു. വരുമാനദാതാവ് ഒരാൾ മാത്രമാണെങ്കിൽ അയാള് തനിക്ക് അകാല മൃത്യുമുണ്ടായാല് കുടുംബത്തിന് പരിരക്ഷ ലഭിക്കാനാവശ്യമായ ഇൻഷുറൻസുകള് എടുത്തിരിക്കണം.ഇവിടെ ടേം ഇൻഷുറൻസ് പ്ലാനിന് കുടുംബത്തിന് ലംപ് സം തുക പ്രദാനം ചെയ്യാനാകും, അല്ലെങ്കിൽ ഒരു പെൻഷന് പ്ലാനിന് സ്ഥിരവരുമാനം പ്രദാനം ചെയ്യാനാകും.


**ബോധവാനായിരിക്കുക**

മതിയായ സാമ്പത്തിക പദ്ധതിയിടലിന് മുകളിൽ പറഞ്ഞ ആവശ്യങ്ങള് നടത്താനാകും. ഒരു ശരിയായ സാമ്പത്തിക പദ്ധതിയ്ക്ക് മൂന്ന് ആനുകൂല്യങ്ങൾ പ്രദാനം ചെയ്യാനാകും: പരിരക്ഷാ ആവശ്യങ്ങള്, നിക്ഷേപങ്ങളിൽ വരുമാനം&നികുതി ആനുകൂല്യങ്ങൾ.

**ഇത് പരിഗണിക്കുക...**
ഇപ്പോൾ നിങ്ങൾക്ക് വ്യക്തികളുടെ സാധാരണ പരിരക്ഷാ ആവശ്യങ്ങളെക്കുറിച്ചറിയാം, നിങ്ങളുടെ തന്നെ വ്യക്തിപരമായ പരിരക്ഷാ ആവശ്യങ്ങൾ പട്ടികപ്പെടുത്തുക. ഇവിടെ സൂചിപ്പിച്ചിട്ടില്ലാത്ത മറ്റെന്തെങ്കിലും പരിരക്ഷാ ആവശ്യങ്ങളുണ്ടോ?

**എ2 പരിരക്ഷാ ആവശ്യങ്ങളെ ബാധിക്കുന്ന വ്യക്തിപരമായ ഘടകങ്ങൾ**
ഏതൊരു കക്ഷിയുടെയും കൃത്യമായ പരിരക്ഷ താഴെക്കാണുന്ന വ്യക്തിപരവും സാമ്പത്തികവുമായ വിശദാംശങ്ങളാൽ സ്വാധീനിക്കപ്പെട്ടതാണ്:

**ചിത്രം 5.1**




ഇവയോരോന്നും നമുക്ക് വിശദമായി പരിശോധിക്കാം:

**എ2എപ്രായം**
ഒരു വ്യക്തിയെ പ്രായം പല വിധത്തിൽ സ്വാധീനിക്കുന്നു. ഇരുപതുകളുടെ ആരംഭത്തിൽ തന്നെ ഒരാൾ സമ്പാദിച്ചുതുടങ്ങുമ്പോൾ, അവർ സ്വയംരക്ഷയെക്കുറിച്ചും വരുമാന സംരക്ഷണത്തെക്കുറിച്ചും കൂടുതല് ആലോചിക്കും. മുന്നോട്ട് പോകുംതോറും വ്യക്തിയുടെ ചുമതലകള് വർദ്ധിക്കുകയും അവര് വിവാഹിതരും, വീട് റിട്ടയർമെന്റ് പ്ലാന് മുതലായ ആസ്തികള് ആർജ്ജിക്കുകയും അവരുടെ രക്ഷിതാക്കളെ പരിരക്ഷിക്കേണ്ടിവരികയും ചെയ്യുന്നു. പരിരക്ഷ വാങ്ങുന്നതിന്റെ ചിലവിനെ പ്രായവും സ്വാധീനിക്കുന്നു. 20-25 വയസ്സുകാർക്കുള്ള ഇൻഷുറൻസ് പ്രീമിയം തുക 30-35 വയസ്സുകാരുടേതിനേക്കാള് വളരെ കുറവാണ്. അതുകൊണ്ടുതന്നെ എത്ര നേരത്തെ സാധിക്കുമോ അത്രയും നേരത്തെ തന്നെ ഇൻഷുറൻസ് പരിരക്ഷ നേടുക.

**എ2ബിആശ്രിതർ**
ഒരു വ്യക്തി വിവാഹിതനാകുമ്പോൾ അവരുടെ കുടുംബം വികസ്വരമാവുകയും ഭാര്യയ്ക്കും കുട്ടികൾക്കുമുള്ള എല്ലാ ആവശ്യങ്ങളും നിറവേറ്റുകയും വേണം. വ്യക്തിയുടെ രക്ഷിതാക്കൾ പിന്നീട് വിരമിച്ചുകഴിയുമ്പോൾ വ്യക്തിയുടെ കീഴിലുള്ള ആശ്രിതരുടെ എണ്ണം വർദ്ധിക്കുന്നു. എത്ര ആശ്രിതര് കൂടുന്നുവോ അത്രമാത്രം ഇൻഷുറൻസ് പരിരക്ഷയും വർദ്ധിപ്പിക്കണം.

**എ2സിവരുമാനം**
ഒരു വ്യക്തിയുടെ വരുമാനത്തിന് അവരുടെ സാമ്പത്തിക ചുമതലകൾ നിർവ്വഹിക്കുന്നതില് വലിയ പങ്കുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം വീട് വാങ്ങൽ, റിട്ടയർമെന്റ് ഫണ്ട് സ്വരൂപിക്കുക തുടങ്ങി എല്ലാം.

ഒരു വ്യക്തിയ്ക്ക് വരുമാനം ലഭിച്ചുതുടങ്ങുമ്പോൾ സാധാരണ അത് കുറഞ്ഞിരിക്കുകയാണ് പതിവ്. ആ സമയത്ത് വീട്/കാർ മുതലായവയൊന്നും വാങ്ങാന് സാധിക്കില്ല. ലോണുകൾ ഈ വിടവ് നികത്തുന്നു. കുടുംബത്തിന്റെ പ്രധാന വരുമാനദാതാവിന് ഈ ലോണുകളില്മ്മേല് പരിരക്ഷ ഉണ്ടായിരിക്കേണ്ടത് വളരെ പ്രധാനമാണ്. കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം, റിട്ടയർമെന്റ് പ്ലാന് എന്നിവയ്ക്കെല്ലാം ആവശ്യമായ നിക്ഷേപങ്ങൾ കുറഞ്ഞ തുകയ്ക്ക് ആരംഭിച്ച് പിന്നീട് വർദ്ധിപ്പിക്കാവുന്നതാണ്.

**എ2ഡിആസ്തികളും ബാദ്ധ്യതകളും**
ആസ്തികളും ബാദ്ധ്യതകളും വ്യക്തിയുടെ പരിരക്ഷാ ആവ്ശ്യങ്ങളെ ഗണ്യമായി ബാധിക്കുന്നു. വീട് പോലുള്ള ആസ്തികള് പ്രധാനമായും ലോണ് പോലുള്ള സഹായം കൊണ്ടാണ്. വരുമാന പരിരക്ഷ കൊണ്ട് അത്തരം ലോണുകൾ ദീർഘകാലാടിസ്ഥാനത്തില് അടച്ചുതീർക്കാന് സഹായിക്കും, പ്രത്യേകിച്ചും കുടുംബത്തിന്റെ വരുമാനദാതാവിന് അകാലമൃത്യുമോ വൈകല്യമോ ഉണ്ടാവുകയാണെങ്കില്.

**ബി ലൈഫ് ഇൻഷുറൻസ് ഉൽപന്നങ്ങള്**

**ബി1 ലൈഫ് ഇൻഷുറൻസ് പ്ലാനിന്റെ അടിസ്ഥാന ഘടകങ്ങള്**
ലൈഫ് ഇൻഷുറൻസ് കമ്പനികള് അകാലത്തില് മൃത്യുവടയുന്നതിനും ദീർഘകാലം ജീവിച്ചിരിക്കുന്നതിനും പരിരക്ഷ നൽകുന്നു. ഇൻഡ്യയിലുള്ള ഭൂരിഭാഗം ഇൻഷുറൻസ് കമ്പനികളും വാഗ്ദാനം ചെയ്യുന്ന ഇൻഷുറന്സ് പ്ലാനുകൾക്ക് രണ്ട് പ്രധാന ഘടകങ്ങളുണ്ട്:

• **മൃത്യു പരിരക്ഷ** – ഈ തുക ഇൻഷുറൻസ് നോമിനി/ബെനിഫിഷ്യറിയ്ക്ക് പോളിസി കാലാവധിയില് ഇൻഷേർഡിന് അകാല മരണം സംഭവിക്കുകയാണെങ്കില് നൽകുന്നു.
• **മെച്യൂരിറ്റി ആനുകൂല്യം** – ഈ തുക പോളിസി മെച്യൂറായാൽ ഇൻഷേർഡായ പോളിസി കാലാവധി അതിജീവിച്ച ആൾക്ക് നൽകുന്നു.മണി ബാക്ക് പോളിസികൾ പോലുള്ളവ മെച്യൂരിറ്റിയ്ക്ക് മുമ്പുതന്നെ നിശ്ചിതസമയങ്ങളിൽ പേയ്മെന്റ് നടത്തുന്നു, ഇത് അതിജീവന ആനുകൂല്യങ്ങൾ എന്നറിയപ്പെടുന്നു. ഈ അദ്ധ്യായത്തിൻറെ ബി2എം എന്ന വിഭാഗത്തിൽ മണി ബാക്ക് പോളിസികളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്.

**ബോധവാനായിരിക്കുക**

പോളിസികൾസാധാരണയായിഎടുക്കാറുള്ളത്ഒരുജീവന്റെഅടിസ്ഥാനത്തിലാണ് ,
അതിൽഒരാൾമാത്രമേപരിരക്ഷിക്കപ്പെടൂ .
ഒന്നിലധികംവ്യക്തികളെപരിരക്ഷിക്കുന്നപോളിസികളെക്കുറിച്ച്നമ്മൾവിശദമായിബി2ജികൂടാതെബി2ഐവി ഭാഗങ്ങളിൽപഠിക്കും

**ബി2 അടിസ്ഥാന ലൈഫ് ഇൻഷുറൻസ് പ്ലാനുകള്**
ഇൻഷുറൻസ് വ്യവസായം വാഗ്ദാനം ചെയ്യുന്ന ലൈഫ് ഇൻഷുറൻസ് പ്ലാനുകളുടെ പ്രധാന തരങ്ങള് താഴെ ചർച്ച ചെയ്തിരിക്കുന്നു.

**ബി2എ ടേം ഇൻഷുറൻസ് പ്ലാന്**
ഇൻഷുറൻസ് വ്യവസായം വാഗ്ദാനം ചെയ്യുന്ന ഏറ്റവും ലളിതവും അടിസ്ഥാനപരവുമായ പ്ലാനാണിത്. ഈ പ്ലാനിൽ ലൈഫ് ഇൻഷുറൻസ് കമ്പനി ഇൻഷേർഡ് പ്ലാന് കാലാവധിയില് മൃത്യുവടയുകയാണെങ്കില് ലൈഫ് ഇൻഷുറൻസ് കമ്പനി ഒരു നിശ്ചിത തുക (സം ഇൻഷേർഡ്) നൽകാമെന്ന് വാഗ്ദാനം ചെയ്യുന്നു. ലൈഫ് ഇൻഷേർഡ് പോളിസി കാലാവധി അതിജീവിക്കുകയാണെങ്കിൽ, അത്തരം പോളിസികളിൽ മെച്യൂരിറ്റി ആനുകൂല്യങ്ങളൊന്നും ഉണ്ടാവുകയില്ല.

ചുരുക്കത്തിൽ, ഈ പ്ലാൻ **മൃത്യു പരിരക്ഷ മാത്രമേ** വാഗ്ദാനം ചെയ്യുന്നുള്ളൂ, അതും പോളിസി കാലാവധിയിൽ മരിച്ചാല് മാത്രം

ഉദാഹരണം
ഇൻഷുറൻസ് കമ്പനി എബിസി യില് നിന്ന് പ്രശാന്ത് ഒരു ടേം പോളിസി എടുക്കുന്നു. സം ഇൻഷേർഡ് 30 വർഷ കാലവധിയില് 75 ലക്ഷം രൂപയായിരുന്നു. ആ പോളിസി പ്രമാണ പ്രകാരം 30 വർഷത്തെ പോളിസി കാലവധിയ്ക്കിടെ പ്രശാന്ത് എപ്പോള് മരിച്ചാലും 75 ലക്ഷം രൂപയുടെ സം ഇൻഷേർഡ് നോമിനിയ്ക്ക് ലഭിക്കും.

എന്നിരുന്നാലും, പ്രാശാന്ത് 30 വർഷം ജീവിച്ചിരിക്കുകയാണെങ്കില് മെച്യൂരിറ്റി അല്ലെങ്കില് അതിജീവന ആനുകൂല്യമൊന്നും ലഭിക്കുകയില്ല

**പ്രധാന കാര്യങ്ങൾ:**

• ടേം ഇൻഷുറൻസ് പ്ലാനുകള് മൃത്യു പരിരക്ഷ മാത്രമേ നൽകുന്നുള്ളൂ.

• ഇൻഷുറൻസ് കമ്പനികള് വാഗ്ദാനം ചെയ്യുന്ന ലളിതമായ ഇൻഷുറൻസ് പ്ലാനുകളാണിവ.

• ടേം ഇൻഷുറൻസ് പ്ലാനുകള് വിപണിയില് ലഭ്യമായ ഏറ്റവും വിലകുറഞ്ഞവയാണ്. ചെറിയൊരു പ്രീമിയത്തിന് ഒരു വ്യക്തിയ്ക്ക് ബാദ്ധ്യതകൾക്കുമേല് ഭീമമായ പരിരക്ഷ സാദ്ധ്യമാണ്.

• **കാലാവധി**: പേര് സൂചിപ്പിക്കുന്നതുപോലെതന്നെ ഇതൊരു നിശ്ചിത കാലത്തേയ്ക്ക് മാത്രമേ പരിരക്ഷ നൽകുന്നുള്ളൂ. സാധാരണയായി 5 വർഷം മുതലാണ് ഇതിന്റെ കാലാവധി. ഇത് 10,15,20,25,30 തുടങ്ങി ഏത് കാലാവധിയുമാകാം.

• **ബാദ്ധ്യതകൾക്കെതിരെയുള്ള പരിരക്ഷ**: കൂടിയ ബാദ്ധ്യതകളായ ഹോം ലോൺ, കാർ ലോണ് എന്നിവ പരിരക്ഷിക്കാൻ ടേം ഇൻഷുറൻസ് പരിരക്ഷയാണ് ഏറ്റവും മികച്ചത്.

• ചില ടേം പ്ലാനുകളിൽ ഇൻഷുറൻസ് കമ്പനികളില് പ്ലാന് കാലാവധിയ്ക്കിടെ മൃത്യുപരിരക്ഷ കൂട്ടാനോ കുറയ്ക്കനോ അനുമതി നൽകാറുണ്ട്.

• **ചുരുങ്ങിയതും പരമാവധിയുമായ സം ഇൻഷേർഡ്**:മിക്കവാറും ടേം പ്ലാനുകൾക്ക് ഇൻഷുറൻസ് കമ്പനി ചുരുങ്ങിയതും പരമാവധിയുമായ സം ഇൻഷേർഡ് വ്യക്തമാക്കിയിരിക്കും. ചില ഇൻഷുറൻസ് കമ്പനികൾക്ക് സം ഇൻഷേർഡ് അണ്ടർറൈറ്റിംഗിന് വിധേയമാണ്.

• **കുറഞ്ഞതും കൂടിയതുമായ പ്രായം**:ടേം പ്ലാനുകളിലേയ്ക്ക് പ്രവേശിക്കാനും പുറത്തുകടക്കാനുമുള്ള പ്രായം മിക്ക ഇൻഷുറൻസ് കമ്പനികളും വ്യക്തമാക്കിയിരിക്കും.

**ബി2ബി റിട്ടേൺ ഓഫ് പ്രീമിയം (ആർഒപി) പ്ലാൻ**

ചില ഇൻഷുറൻസ് കമ്പനികള് ടേം ഇൻഷുറൻസ് പ്ലാനുകളുടെ വേരിയന്റുകളും പ്രീമിയം പ്ലാനുകളുടെ റിട്ടേൺ രൂപത്തില് വാഗ്ദാനം ചെയ്യുന്നുണ്ട്. പ്ലാൻ കാലവധിയ്ക്കകത്ത് ലൈഫ് ഇൻഷേർഡ് മരിക്കുകയാണെങ്കിൽ, ഇൻഷുറൻസ് കമ്പനി തുക നോമിനിയ്ക്ക്/ബെനിഫിഷ്യറിയ്ക്ക് നൽകുന്നു. ലൈഫ് ഇൻഷേർഡ് മെച്യൂരിറ്റി കാലാവധി പൂർത്തിയാക്കുകയാണെങ്കിൽ, ഇൻഷുറൻസ് കമ്പനി പ്രീമിയത്തിന്റെ ഒരു ഭാഗമോ പ്രീമിയം മുഴുവനായോ പോളിസി നിബന്ധനകൾ പ്രകാരം നൽകുന്നു.
ടേം ഇൻഷുറൻസ് പ്ലാനിന്റെ മറ്റൊരു വേരിയന്റ്, ചില കമ്പനികൾ മെച്യൂരിറ്റിയായി തുക തിരികെ നൽകുമ്പോള് പ്രീമിയത്തിന്റെ പലിശ കൂടി തിരികെ കൊടുക്കാറുണ്ട്.

**ഇത് പരിഗണിക്കുക...**

ടേം ഇൻഷുറൻസ് പ്ലാനോ റിട്ടേണ് ഓഫ് പ്രീമിയം പ്ലാനൊ, നിങ്ങൾ ഏത് തിരഞ്ഞെടുക്കും, കാരണമെന്ത്?

**ബി2സി ശുദ്ധ എന്റോവ്മെന്റ് പ്ലാന്**

ഒരു ശുദ്ധ എന്റോവ്മെന്റ് പ്ലാൻഇൻഷുറൻസ് പ്ലാനിന്റെ നേർവിപരീത വാക്കാണ്. പ്ലാൻ കാലാവധി അതിജീവിക്കുകയാണെങ്കിൽ ലൈഫ് ഇൻഷേർഡിന് നിശ്ചിതമായ ഒരു തുക മാത്രം (സം ഇൻഷേർഡ്) മാത്രം ലഭിക്കും. പോളിസി കാലാവധിക്കിടെ ലൈഫ് ഇൻഷേർഡ് മൃത്യുവടയുകയാണെങ്കില് അവർക്ക് യാതൊന്നിനും അർഹതയുണ്ടാവില്ല
ചുരുക്കത്തിൽ, മെച്യൂരിറ്റിയായാൽ സം ഇൻഷേർഡ് നൽകുക മാത്രമാണ് ഈ പോളിസി ചെയ്യുന്നത്. ഇതൊരു മൃത്യു പരിരക്ഷ അല്ല.

**ഉദാഹരണം**

പ്രശാന്ത് എബിസി എന്ന ഇൻഷുറൻസ് കമ്പനിയില് നിന്ന് 30 വർഷ കാലാവധിയുടെ 75 ലക്ഷം രൂപയുടെ ശുദ്ധ എന്റോവ്മെന്റ് പ്ലാനെടുത്തു. പോളിസി പ്രമാണങ്ങൾ വ്യക്തമാക്കുന്നത് പ്രശാന്ത് പോളിസി കാലാവധിയായ 30 വർഷവും ജീവിക്കുകയാണെങ്കില് സം ഇൻഷേർഡായി 75 ലക്ഷം രൂപ നൽകാമെന്നാണ്.

എന്നിരുന്നാലും, പ്രശാന്ത് 30 വർഷത്തിനകം മരിച്ചാല് അയാൾക്ക് മൃത്യു പരിരക്ഷ ലഭിക്കുകയില്ല.

ജീവിതം അനിർവചനീയമാണ്. പ്രശാന്തിനെപ്പോലുള്ള ആളുകൾക്ക് ടേം ഇൻഷുറൻസ് പ്ലാനാണോ അതോ ശുദ്ധ എന്റോവ്മെന്റ് പ്ലാനാണോ അനുയോജ്യം എന്ന് ഒരിക്കലും തീരുമാനിക്കാന് സാദ്ധ്യമല്ല. കാരണം മരണം എപ്പോൾ സംഭവിക്കുമെന്നോ തങ്ങള് ഈ കാലാവധി അതിജീവിക്കുമോ എന്നോ അവർക്കറിഞ്ഞുകൂടാ.

അതിനാൽ പ്രശാന്ത് 30 വർഷത്തെ ടേം ഇൻഷുറൻസ് എടുക്കുകയും പ്ലാന് കാലാവധി അതിജീവിക്കുകയും ചെയ്തു. 30 വർഷം പൂർത്തിയാകുമ്പോള് പ്രശാന്തിന് യാതൊന്നും ലഭിക്കുകയില്ല. അതേ സമയം ശുദ്ധ എന്റോവ്മെന്റ് പ്ലാന് എടുത്ത് 30 വർഷം കാലാവധിയില് മൃത്യുവടയുകയാണെങ്കില് അദ്ദേഹത്തിന്റെ നോമിനി/ബെനിഫിഷ്യറിയ്ക്ക് യാതൊന്നും ലഭിക്കുകയില്ല.

മുകളിൽ പറഞ്ഞതുപോലുള്ള സാഹചര്യങ്ങളില് ആളുകള് ഏത് പ്ലാനെടുക്കണം എന്ന കാര്യത്തില് സംശയിക്കും. ഈ സാഹചര്യത്തിന് പരിഹാരമുണ്ടാക്കാൻ, ലൈഫ് ഇൻഷുറൻസ് കമ്പനികള് മുകളില് കണ്ട രണ്ട് പ്ലാനുകളുടെയും പ്രത്യേകതകള് കൂട്ടിച്ചേർത്ത് ഒരു എന്റോവ്മെന്റ് ഇൻഷുറൻസ് പ്ലാനായി നൽകുന്നു.

**ബി2ഡി എന്റോവ്മെന്റ് ഇൻഷുറൻസ് പ്ലാന്**

ഒരു എന്റോവ്മെന്റ് ഇൻഷുറൻസ് പ്ലാന് എന്നാല് അടിസ്ഥാനപരമായിടേം ഇൻഷുറൻസ് പ്ലാനിന്റെയും ശുദ്ധ എന്റോവ്മെന്റ് പ്ലാനിന്റെയും മിശ്രണമാണ്. ഇത് വാഗ്ദാനം ചെയ്യുന്നത് പോളിസി കാലാവധിയിൽ മരിച്ചാലും മെച്യൂരിറ്റി ആയാലും ആനുകൂല്യങ്ങള് ലഭിക്കുമെന്നാണ്.

**ഉദാഹരണം**

പ്രശാന്ത് എബിസി ഇൻഷുറൻസ് കമ്പനിയില് നിന്ന് 30 വർഷത്തേയ്ക്ക് 75 ലക്ഷം രൂപയുടെ ഒരു എന്റോവ്മെന്റ് പ്ലാനെടുത്തു. പോളിസി പ്രമാണം വ്യക്തമാക്കുന്നത് പ്രശാന്ത് പോളിസി കാലവധിയായ 30 വർഷം അതിജീവിക്കുകയാണെങ്കിൽ, ഇൻഷുറൻസ് കമ്പനി അയാൾക്ക് 75 ലക്ഷം രൂപയും ആർജ്ജിത ബോണസ്സുല്ലതുമുണ്ടെങ്കിൽ അതും നൽകുന്നതാണ്. അതേസമയം പ്രശാന്ത് 30 വർഷം അതായത് മെച്യൂരിറ്റി കാലാവധി പൂർത്തിയാകുന്നതിനുമുമ്പേ മൃത്യുവടഞ്ഞാല് അയാളുടെ നോമിനി/ബെനിഫിഷ്യറിയ്ക്ക് 75 ലക്ഷം രൂപയുടെ മൃത്യു പരിരക്ഷ ലഭിക്കും.

മുകളിൽ പറഞ്ഞ പ്ലാന് രണ്ടെണ്ണത്തിന്റെ സംയുക്തമാണ്:

- 30 വർഷത്തെ 75 ലക്ഷം രൂപയുടെ ടേം ഇൻഷുറൻസ് പ്ലാന്; കൂടാതെ
- 30 വർഷത്തെ 75 ലക്ഷം രൂപയുടെ ശുദ്ധ എന്റോവ്മെന്റ് പ്ലാന്.

പ്രശാന്തിന്റെ പോളിസി 30 വർഷകാലാവധിയ്ക്കിടെപ്രശാന്ത് മരിച്ചാലുംപോളിസികാലാവധിഅതിജീവിക്കുകയാണെങ്കിലുംഎന്റോവ്മെന്റ്പ്ലാൻപ്രസ്തുതതുകനൽകുന്നതാണ്.

**ബോധവാനായിരിക്കുക**

ഇൻഡ്യയിലുള്ളമിക്കഇൻഷുറൻസ്കമ്പനികളുടെയുംഇൻഷുറൻസിന്റെയുംഎന്റോവ്മെന്റ്പ്ലാനുകളുടെയുംസം യുക്തമാണ്.

**ഇത് പരിഗണിക്കുക...**

നിങ്ങൾക്ക് ടേം ഇൻഷുറൻസ് പ്ലാനും ശുദ്ധ എന്റോവ്മെന്റ് പ്ലാനും തിരഞ്ഞെടുക്കാനുണ്ടെങ്കില് നിങ്ങളേത് തിരഞ്ഞെടുക്കും, കാരണമെന്ത്?

**പ്രധാന കാര്യങ്ങൾ**

- എന്റോവ്മെന്റ് ഇൻഷുറൻസ് പ്ലാനുകള് മെച്യൂരിറ്റിയാകുമ്പോള് ലൈഫ് ഇൻഷേർഡ് അതിജീവിക്കുകയാണെങ്കിൽ ഒരു നിശ്ചിത തുക ലഭിക്കും.
- **മൃത്യു പരിരക്ഷ**: ഈ പ്ലാനുകൾക്ക് പരിരക്ഷയുടെ ഒരു വശവുമുണ്ട്.ലൈഫ് ഇൻഷേർഡ് കാലാവധിയ്ക്ക് മുമ്പ് മൃത്യുവടയുകയാണെങ്കില് മൃത്യു പരിരക്ഷ ബെനിഫിഷ്യറിയ്ക്കോ/നോമിനിയ്ക്കോ ലഭിക്കുന്നു.
- **നിക്ഷേപ വശം**: ഈ പ്ലാനുകൾ മൃത്യു പരിരക്ഷയൊഴികെ നിക്ഷേപത്തിന്റെ ഒരു വശമുള്ളതാണ്.പ്രീമിയത്തിൽ നിന്ന് മൃത്യു പരിരക്ഷാ ചാർജുകളും ഭരണപരമായ ചാർജുകളും ഒഴിവാക്കിയാൽ ഇൻഷുറൻസ് കമ്പനി ബാക്കി തുക ലൈഫ് ഇൻഷേർഡിന്റെ പേരില് നിക്ഷേപിക്കുന്നു. പിടിച്ചെടുത്ത തുകകൾ പിന്നീട് ബോണസ്സുകളുടെരൂപത്തില് തിരികെ നൽകുന്നു.
- **ലക്ഷ്യം അടിസ്ഥാനപ്പെടുത്തിയുള്ള നിക്ഷേപം**: ഈ പ്ലാനുകൾ കുട്ടികളുടെ വിദ്യാഭ്യാസം വിവാഹം മുതലായ ആവശ്യങ്ങൾക്ക് രൂപ ആർജ്ജിക്കാനായും വാങ്ങാവുന്നതാണ്.
- ഈ പോളിസികളിൽ ചില കമ്പനികള് ഭാഗികമായ പിൻവലിക്കലോ അല്ലെങ്കില് ലോണുകളോ അനുവദിക്കാറുണ്ട്.
- ഈ പ്ലാൻ വ്യത്യസ്ത വേരിയന്റുകളായും വരാറുണ്ട്.ചില പ്ലാനുകൾക്ക് മെച്യൂരിറ്റി ആനുകൂല്യങ്ങളെക്കാൾ മരണാനുകൂല്യം ലഭിക്കും അതുപോലെ തിരിച്ചും.
- ചില പ്ലാനുകളിൽ മെച്യൂരിറ്റി ആനുകൂല്യം മൃത്യു പരിരക്ഷയുടേതിനെക്കാള് ഇരട്ടിയായിരിക്കും.ഇത്തരം പ്ലാനുകളാണ് ഇരട്ട എന്റോവ്മെന്റ് പ്ലാനുകള് എന്നറിയപ്പെടുന്നത്.

**ചോദ്യം 5.1**

ഒരു ലൈഫ് ഇൻഷുറൻസ് പ്ലാനിന്റെ അടിസ്ഥാന ഘടകങ്ങള് വിശദീകരിക്കുക.

**പങ്കെടുക്കുന്നതും പങ്കെടുക്കാത്തതുമായ പോളിസികൾ**

മിക്കവാറും എന്റോവ്മെന്റ് പോളിസികൾക്ക് പ്രീമിയത്തില് ഉൾപ്പെടുത്തപ്പെട്ട നിക്ഷേപ ഘടകമുണ്ട്. ഈ തുക ഇൻഷുറൻസ് കമ്പനി പോളിസി ഉടമകളുടെ പേരില് നിക്ഷേപിക്കുകയും ലഭിക്കുന്ന ലാഭം ബോണസ്സുകളുടെ രൂപത്തിൽ പോളിസി ഉടമകൾക്ക് തിരികെ നൽകുകയും ചെയ്യും.

ഇത്തരം പ്ലാനുകളിൽ പോളിസി ഉടമകള് ഇൻഷുറൻസ് കമ്പനിയുടെ ലാഭമായ 'വിത് പ്രോഫിറ്റ്' അല്ലെങ്കിൽ 'പങ്കാളിത്ത' പ്ലാനുകൾ എന്നറിയപ്പെടുന്നവയുടെ ആനുകൂല്യങ്ങള് ലഭിക്കുന്നു. മിക്കവാറും എന്റോവ്മെന്റ്, മണീ ബാക്ക് കൂടാതെ മൊത്തം ലൈഫ് പ്ലാനുകളും പങ്കാളിത്ത പ്ലാനുകളാണ്. മണീ ബാക്ക് കൂടാതെ മൊത്തം ലൈഫ് പ്ലാനുകളെക്കുറിച്ച് ഈ വിഭാഗത്തിൽ പിന്നീട് ചർച്ച ചെയ്യും.

പോളിസി ഉടമകൾക്ക് കമ്പനിയുടെ ലാഭത്തില് പങ്കെടുക്കാന് സാധിക്കാത്ത പ്ലാനുകളാണ് 'വിത്തൌട്ട് പ്രൊഫിറ്റ്സ്' കൂടാതെ 'നോൺ പാർട്ടിസിപ്പേറ്റിംഗ്' പ്ലാനുകൾ എന്നറിയപ്പെടുന്നത്. ശുദ്ധ ടേം ഇൻഷുറൻസ് പ്ലാനുകള് ലാഭമില്ലാത്ത പ്ലാനുകൾക്ക് ഉദാഹരണമാണ്.

**നിർദ്ദിഷ്ട പ്രവർത്തനം**

നിങ്ങൾക്ക് ഇന്റർനെറ്റ് സൌകര്യമുണ്ടെങ്കിൽ, അഞ്ച് ഇൻഷുറൻസ് കമ്പനികളുടെ വെബ്സൈറ്റുകള് സന്ദർശിക്കുകയും അവര് വാദ്ഗാനം ചെയ്യുന്ന വിവിധ എന്റോവ്മെന്റ് പ്ലാനുകളുടെ പ്രത്യേകതകള് പഠിക്കുകയും ചെയ്യുക. അഞ്ച് ഇൻഷുറൻസ് കമ്പനികളുടെ എന്റോവ്മെന്റ് പ്ലാനുകളുടെ പട്ടിക തയ്യാറാക്കുക.ഏത് കമ്പനിയാണ് മികച്ച എന്റോവ്മെന്റ് പ്ലാന് വാഗ്ദാനം ചെയ്യുന്നത് എന്നു നിങ്ങൾക്ക് തോന്നുന്നത് എങ്കിൽ എന്തുകൊണ്ട്?

**ബി2ഇ മൊത്തം ലൈഫ് ഇൻഷുറൻസ് പ്ലാനുകള്**

• നിശ്ചിതമല്ലാത്ത കാലത്തേയ്ക്കുള്ള ഒരു ടേം ഇൻഷുറൻസാണ് മൊത്തം ലൈഫ് ഇൻഷുറൻസ് പ്ലാന് എന്ന് പറയുന്നത്.ചില പ്ലാനുകൾക്ക് നിക്ഷേപ ഘടകം കൂടി ഉണ്ടാകും. നിക്ഷേപങ്ങളിലുള്ള വരുമാനത്തിനനുസരിച്ച് ഇൻഷുറൻസ് കമ്പനി ബോണസ്സുകള് പ്രഖ്യാപിക്കുന്നു.

• പ്ലാനിന്റെ പേര് വ്യക്തമാക്കുന്നതുപോലെ, ഈ പ്ലാൻ വ്യക്തിയെ ജീവിതകാലമുടനീളം പരിരക്ഷിക്കുന്നു.

• ലൈഫ് ഇൻഷ്വേർഡിന്റെ മൃത്യുവുണ്ടാകുമ്പോള്, നോമിനി/ബെനിഫിഷ്യറിയ്ക്ക് സം ഇൻഷ്വേർഡും കൂടാതെ അതുവരെ ആർജ്ജിച്ച ബോണസ്സുകളും നൽകുന്നു.

• വ്യക്തിയുടെ ജീവിതകാലത്ത് അടിയന്തര ആവശ്യങ്ങൾ നിർവഹിക്കാന് ഭാഗികമായ പിൻവലിക്കലുകള് നടത്താനാകും.വ്യക്തിയ്ക്ക് ഈ പോളിസിയിന്മേൽ ലോണെടുക്കാനും സാധിക്കും.

**ഉദാഹരണം**

എബിസി ഇൻഷുറൻസ് കമ്പനി 100 വയസ്സുവരെയുള്ള മൊത്തം ലൈഫ് ഇൻഷുറൻസ് പ്ലാനുകള് വാഗ്ദാനം ചെയ്യുന്നു.

**മൃത്യു പരിരക്ഷ**

സം ഇൻഷ്വേർഡ് കൂടാതെ ആർജ്ജിത ബോണസ്സ് നോമിനി/ബെനിഫിഷ്യറിയ്ക്ക് ലഭിക്കാന് ലൈഫ് ഇൻഷ്വേർഡിന്റെ മരണം പോളിസി കാലാവധിയില് തന്നെ സംഭവിക്കണോ.

**അതിജീവന ആനുകൂല്യം**

ലൈഫ് ഇൻഷ്വേർഡ് 100 വയസ്സുവരെഅതിജീവിക്കുകയാണെങ്കിൽ , സംഇൻഷ്വേർഡുംആർജ്ജിതബോണസ്സുംനൽകുന്നു.

**നിർദ്ദിഷ്ട പ്രവർത്തനം**

ഇതുവരെ നിങ്ങൾ ടേം പ്ലാനുകള്, എന്റോവ്മെന്റ് പ്ലാനുകള് കൂടാതെ മൊത്തം ലൈഫ് ഇൻഷുറൻസ് പ്ലാനുകൾ എന്നിവയുടെ പ്രത്യേകതകളെക്കുറിച്ച് പഠിക്കുകയായിരുന്നു. മൂന്ന് പ്ലാനുകളും ഒരു വ്യക്തി തിരഞ്ഞെടുക്കേണ്ടതായ സാഹചര്യങ്ങൾ/അവസ്ഥകൾ പട്ടികപ്പെടുത്തുക

**ബി2 എഫ് പരിവർത്തിപ്പിക്കാവുന്ന ഇൻഷുറൻസ് പ്ലാനുകള്**

പേര് സൂചിപ്പിക്കുന്നതുപോലെത്തന്നെ, ഇൻഷുറൻസ് പ്ലാനുകള് ഒരു തരത്തില് നിന്ന് മറ്റൊന്നിലേയ്ക്ക് പരിവർത്തിപ്പിക്കാവുന്നതാണ്. ഉദാഹരണത്തിന്, ഒരു ടേം ഇൻഷുറൻസ് പ്ലാന് എന്റോവ്മെന്റ് പോളിസിയായോ അല്ലെങ്കില് മൊത്തം ലൈഫ് ഇൻഷുറൻസ് പോളിസിയായോ കമ്പനി സമ്മതിക്കുന്ന പ്രകാരം പരിവർത്തിപ്പിക്കാവുന്നതാണ്.

ഒരു പരിവർത്തിപ്പിക്കാവുന്ന പ്ലാന് ആദ്യം ഉയർന്ന പ്രീമിയം അടയ്ക്കാനാകാത്ത സാഹചര്യത്തില് വളരെ പ്രയോനകരമാണ്. അതിനാൽ തന്നെ അവർക്ക് ഒരു ടേം ഇൻഷുറൻസ് അതും താഴ്ന്ന പ്രീമിയം നിരക്കിൽ ആരംഭിച്ച് പിന്നീട് എന്റോവ്മെന്റ് പ്ലാനായോ മൊത്തം ലൈഫ് ഇൻഷുറൻസ് പ്ലാനായോ വികസിപ്പിക്കാവുന്നതാണ്. അതുകൂടാതെ, പ്ലാൻ പരിവർത്തിപ്പിക്കുന്ന സമയത്ത് ലൈഫ് ഇൻഷ്വേർഡിന് വൈദ്യ പരിശോധന നടത്തേണ്ട ആവശ്യവുമില്ല.

പരിവർത്തിപ്പിക്കാവുന്ന പ്ലാനുകളുടെ മറ്റൊരു ആനുകൂല്യം പ്രസ്തുത സമയത്ത് അണ്ടർറൈറ്റിംഗ് തീരുമാനങ്ങളൊന്നും എടുക്കേണ്ടതില്ല എന്നതാണ്.

**ബി2ജിസംയുക്ത ലൈഫ് ഇൻഷുറൻസ് പ്ലാനുകള്**

• സംയുക്ത ലൈഫ് ഇൻഷുറൻസ് പ്ലാനുകള് രണ്ടാളുകൾക്ക് പോളിസിയില് പരിരക്ഷ നൽകുന്നു. ഇത് വിവാഹിതരായ ദമ്പതികൾക്കും ബിസിനസ്സിലെ പങ്കാളികൾക്കും അനുയോജ്യമാണ്.

• ചില സംയുക്ത ലൈഫ് ഇൻഷുറൻസ് പ്ലാനുകളില് മൃത്യു പരിരക്ഷ (സം ഇൻഷ്വേർഡ്) ആദ്യത്തെ പങ്കാളിയുടെ മൃത്യുശേഷം മറ്റേ പങ്കാളിയ്ക്ക് അതുവരെ ആർജ്ജിച്ച ബോണസ്സ് ഉൾപ്പെടെ നൽകുകയും.

• രണ്ട് സംയുക്ത പോളിസി ഉടമകളും മെച്യൂരിറ്റി കാലാവധി കടക്കുകയോ അല്ലെങ്കില് ഏതെങ്കിലുമൊരാൾ അതിജീവിക്കുകയാണെങ്കിൽ, മെച്യൂരിറ്റി ആനുകൂല്യങ്ങൾ അതുവരെയുള്ള ആർജ്ജിത ആനുകൂല്യങ്ങൾക്കൊപ്പം ലഭിക്കുന്നതാണ്.
• ചില സംയുക്ത ലൈഫ് ഇൻഷുറൻസ് പോളിസികളില് പ്രീമിയം ഒരു പോളിസി ഉടമയുടെ മൃത്യുവിന് ശേഷവും നിശ്ചിത ദിവസം വരെ തുടർന്നും അടയ്ക്കേണ്ടതാണ്.
• ഇക്കാര്യത്തിൽ ഓരോ ജീവിതവും വെവ്വേറെ അണ്ടർറൈറ്റ് ചെയ്യും.

**ഇത് പരിഗണിക്കുക...**
നിങ്ങൾ വിവാഹിതരായശേഷം, നിങ്ങൾക്കും ഭാര്യയ്ക്കും വെവ്വേറെ ഇൻഷുറൻസ് പോളിസികളാണൊ അല്ലെങ്കില് ഒരു സംയുക്ത ലൈഫ് ഇൻഷുറൻസ് പോളിസിയാണോ നിങ്ങള് തിരഞ്ഞെടുക്കുക? ഈ തീരുമാനം എടുക്കുന്നതിന് നിങ്ങൾ എന്തെല്ലാം കാര്യങ്ങളാണ് പരിഗണിക്കുക

**ബി2എച്ച്ആന്യുറ്റികൾ**
ഒരു ആന്യുറ്റി എന്നാൽ ഒരു നിശ്ചിത വർഷത്തേയ്ക്ക് തവണകളായി ലംപ് സം തുക (വാങ്ങിയ വില) ഒരു വ്യക്തിയ്ക്ക്(ആന്യുറ്റി) ആന്യുറ്റി ദാതാവ് (ഇൻഷുറൻസ് കമ്പനി) നൽകുന്ന സ്ഥിരമായ പേയ്മെന്റാണ്.

വാങ്ങിയ വില നൽകുന്ന തരത്തിനനുസരിച്ച് ആന്യുറ്റികള് രണ്ട് തരമാകാം:
• ഉടനടിയുള്ള ആന്യുറ്റി; അല്ലെങ്കിൽ
• ഒരു വൈകിച്ച ആന്യുറ്റി.

ഒരു ആന്യുറ്റി എന്നാൽ ലൈഫ് ഇൻഷുറൻസ് പോളിസിയുടെ വിപരീതമാണ്. ലൈഫ് ഇൻഷുറൻസില് കമ്പനി അപകടസാദ്ധ്യത ഏറ്റെടുക്കുന്നു, എന്നാൽ ആന്യുറ്റിയില് ആന്യുറ്റന്റ് വാങ്ങുന്ന വില അടച്ചുതീരുന്നതുവരെ മരിക്കരുത് എന്ന അപകടസാദ്ധ്യത ഏറ്റെടുക്കുന്നു.

ഒരുപാട് തരം ആന്യുറ്റികള് ലഭ്യമാണ്. (സംയുക്ത ലൈഫ്, അവസാന സർവൈവർ/ലൈഫ് ആന്യുറ്റി വിത്ത് റിട്ടേൺ ഓഫ് പർച്ചേസ് പ്രൈസ്/വളർന്നുകൊണ്ടിരിക്കുന്ന ആന്യുറ്റി പോലുള്ളവ) നമ്മൾഅവയെക്കുറിച്ച് വിശദമായി അദ്ധ്യായം 7 ല് പഠിക്കും.

**ബി2ഐഗ്രൂപ്പ് ഇൻഷുറൻസ് പ്ലാനുകള്**
• ഒരു ഗ്രൂപ്പ് ലൈഫ് ഇൻഷുറൻസ് പോളിസി ഒരു പൊതു ലക്ഷ്യത്തിനായി ഒരുമിച്ചുകൂടിയ ആളുകൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്നു
• ഒരു ഗ്രൂപ്പ് ആളുകൾ ആകാവുന്നത്:
– ഒരു സ്ഥാപനത്തിലെ ജീവനക്കാർ;
– ഒരു ബാങ്കിലെ ഉപഭോക്താക്കൾ;
– ഒരു ട്രേഡ് യൂണിയനിലെ അംഗങ്ങൾ;
– അക്കൌണ്ടന്റുമാരുടെ അസോസിയേഷന് ഒക്കെപ്പോലെ ഒരു ബോഡിയുടെ അംഗങ്ങൾക്ക്; അല്ലെങ്കിൽ
– പരസ്പരം ഒരുമിച്ച് ചേർന്ന് പൊതുവായ ലക്ഷ്യത്തിനായി പ്രവർത്തിക്കുന്ന ഒരു കൂട്ടം ആളുകൾക്ക്.
• ഒരു ഗ്രൂപ്പ് ഇൻഷുറൻസ് പോളിസിയില് ഇൻഷുറൻസ് കമ്പനി ഗ്രൂപ്പിലെ എല്ലാ അംഗങ്ങളെയും പരിരക്ഷിക്കുന്ന ഒരു മാസ്റ്റർ പോളിസി പുറപ്പെടുവിക്കുന്നു.ഉദാഹരണത്തിന് ഒരു ഇൻഷുറൻസ് കമ്പനി ഒരു വ്യക്തിയ്ക്ക് കമ്പനിയിലെ എല്ലാ ആളുകളെയും പരിരക്ഷിച്ചുകൊണ്ടുള്ള മാസ്റ്റർ പോളിസി നൽകും. ഈ ജീവിനക്കാരനെ 'മാസ്റ്റർ പോളിസി ഉടമ' എന്നു വിളിയ്ക്കുന്നു.
• ഇൻഷുറൻസിന്റെ ബന്ധം മാസ്റ്റര് പോളിസി ഉടമയും ഇൻഷുറൻസ് കമ്പനിയും തമ്മിലായിരിക്കും. മറ്റ് ജീവനക്കാർ നേരിട്ട് ഇൻഷുറൻസ് കരാറിന്റെ ഭാഗമല്ല.
• ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികള് സാമൂഹ്യ സേവനത്തിനായി ഒരുപാടാളുകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകാനായി ഉദ്ദേശിച്ച് ആരംഭിച്ചിട്ടുള്ളവയാന് (ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കുവേണ്ടി).
• 2005 ജൂലായില് ഗ്രൂപ്പ് ഇൻഷുറൻസ് പോളിസികൾക്കായുള്ള ഇൻഷുറൻസ് വ്യവസായ നിയമം (ഐആർഡിഎ) മാർഗനിർദ്ദേശങ്ങള് പുറപ്പെടുവിച്ചു.

**ഉദാഹരണം**
എബിസി ഇൻഷുറൻസ് കമ്പനി പോഷകം കുറഞ്ഞവരുടെ ഇൻഷുറൻസ് പരിരക്ഷ നിർവ്വഹിക്കുന്ന പ്ലാൻ വാഗ്ദാനം ചെയ്യുന്നു.

കമ്പനിയ്ക്ക് ഈ സ്കീമിനുകീഴിൽ പരിഗണിയ്ക്കപ്പെടാന് ഒരു നിശ്ചിത യോഗ്യതാ മാനദണ്ഡം വേണമായിരുന്നു.

മൃത്യു പരിരക്ഷ
ഒരു അംഗത്തിന് മരണം സംഭവിക്കുകയാണെങ്കിൽ, 30,000 രൂപ സം ഇൻഷേർഡ് നോമിനി/ബെനിഫിഷ്യറിയ്ക്ക് നൽകുന്നതാണ്.മരണം ഒരു അപകടം മൂലമാണ് സംഭവിക്കുന്നതെങ്കിൽ 75000 രൂപ നോമിനി/ബെനിഫിഷ്യറിയ്ക്ക് നൽകുന്നതാണ്.

**ബി2ജെ മൈക്രോ-ഇൻഷുറൻസ് പ്ലാനുകള്**

• നവംബർ 2005 ല് ഐആർഡിഎ മൈക്രോ ഇൻഷുറൻസിനുള്ള മാർഗനിർദ്ദേശങ്ങള് ഐആർഡിഎ (മൈക്രോ ഇൻഷുറൻസ്) നിയമം 2005 വഴി പുറത്തിറക്കി. മൈക്രോ ഇൻഷുറൻസ് ലക്ഷ്യമിടുന്നത് താഴ്ന്ന വരുമാനമുള്ള ഗ്രൂപ്പുകൾക്കിടയില് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കലാണ് ലക്ഷ്യമിടുന്നത്.
• ഐആർഡിഎ വ്യക്തമാക്കിയത് മൈക്രോ ഇൻഷുറൻസ് ഉൽപന്നങ്ങളുടെ മേലുള്ള ലൈഫ് പരിരക്ഷ 5,000 രൂപയ്ക്കും 50,000 രൂപയ്ക്കും ഇടയ്ക്കായിരിക്കണം എന്നാണ്.
• ഒരു ലൈഫ് ഇൻഷുററ് ലൈഫ് മൈക്രോ ഇൻഷുറൻസ് ഉൽപന്നങ്ങളും അതുപോലെ സാധാരണ മൈക്രോ ഇൻഷുറൻസ് ഉൽപന്നങ്ങളും തിരിച്ചും വാഗ്ദാനം ചെയ്തേക്കാം.(ഇത് മൈക്രോ ഇൻഷുറൻസ് ഉൽപന്നങ്ങൾക്കു മാത്രം അനുവദനീയമായതാണ്, മാത്രമല്ല മറ്റ് സാധാരണ ഇൻഷുറൻസ് ഉൽപന്നങ്ങളൊന്നും പരിധിയില് വരികയുമില്ല.)

**ബി2കെ യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാനുകള് (യൂലിപ്പുകൾ)**
യൂണിറ്റ് ലിങ്ക്ഡ്പോളിസികൾ കൂടുതല് അപകടസാദ്ധ്യതയുള്ളതും എന്നാല് സാധാരണ പോളിസികളെക്കാൾ ലാഭസാദ്ധ്യത കുറഞ്ഞതുമാണ്. എന്നിരുന്നാലും അവ വളരെ വഴക്കമുള്ളതാണ്. യൂണിറ്റ് ലിങ്ക്ഡ്പോളിസികൾ വഴക്കമുള്ളതാകുമ്പോള് ലഭിക്കുന്ന ആനുകൂല്യങ്ങൾക്കായി നിക്ഷേപങ്ങളില് അധികം അപകതസാദ്ധ്യതകൾ നേരിടാന് തയ്യാറായ ആളുകൾക്ക് യോജിച്ചതാണ്. റിട്ടേണുകൾ ഷെയര് മാർക്കറ്റിലെയും (ഷെയറുകളെക്കുറിച്ച് അദ്ധ്യായം 6 ല് വിശദമായി പഠിക്കും) സമാന്തര വിപണികളിലെയും മൂലധന വരുമാനം പോലെയിരിക്കും.

**ഇത് പരിഗണിക്കുക...**
നിങ്ങൾ യൂലിപ്പിനെ പരമ്പരാഗത പോളിസിയുമായി (ടേം/എന്റോവ്മെന്റ്/മൊത്തം ലൈഫ്) താരതമ്യം ചെയ്യുകയാണെങ്കിൽ, നിങ്ങൾ എന്താണ് തിരഞ്ഞെടുക്കുക? ഈ തീരുമാനമെടുക്കുന്നതിനുമുമ്പ് നിങ്ങൾ എന്തെല്ലാം കാര്യങ്ങളാണ് പരിഗണിക്കുക?

**പ്രധാന കാര്യങ്ങൾ**

• യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പോളിസികള് (യൂലിപ്പുകൾ) ലൈഫ് ഇൻഷുറൻസ് കൂടാതെ നിക്ഷേപ വരുമാനങ്ങള് പ്രദാനം ചെയ്യുന്നു.
• പരമ്പരാഗത പ്ലാനുകളിൽ ഇൻഷുറൻസ് കമ്പനി ഇൻഷേർഡിന്റെ പേരില് നിക്ഷിപ്തമായ തുകയുടെ കാര്യം ചെയ്യുന്നു.എന്നിരുന്നാലും യൂലിപ്പിൽ ഇക്വിറ്റി ഫണ്ടുകൾ, ഡെബ്റ്റ് ഫണ്ടുകൾ, ബാലൻസ്ഡ് ഫണ്ടുകൾ കൂടാതെ മണി മാർക്കറ്റ് മുതലായ ഒരുപാട് സാദ്ധ്യതകളുമായി നിക്ഷേപത്തിന് അവസരമൊരുക്കുന്നു.
• മൂലധന വിപണികളുടെ വളർച്ചയില് ഭാഗഭാക്കാകാന് യൂ ലിപ്പ് ഇൻഷേർഡിന് അവസരം നൽകുന്നു.
• ഇൻഷേർഡിന്റെ മൃത്യുവില് സം ഇൻഷേർഡ് അല്ലെങ്കില് വിപണിയില് ഉയർന്ന മൂല്യമേതാണോ (ഫണ്ട് മൂല്യം) അത് നൽകുന്നു.
• പ്ലാനിന്റെ മെച്യൂരിറ്റിയില് ഫണ്ട് മൂല്യം നൽകണം.

• **ഒത്തുതീർപ്പ് വ്യവസ്ഥ**: ഒരു ലംപ് സം തുക എടുക്കുന്നതിനുപകരം, ചില പ്ലാനുകൾ പോളിസി ഉടമയ്ക്ക് മെച്യൂരിറ്റിയ്ക്കുശേഷം ഒരു സമയത്തേയ്ക്ക് (5 വർഷം അല്ലെങ്കില് 5 വർഷം വരെയുള്ള സമയം) ആനുകൂല്യ തുക ലഭിക്കും. ഇതാണ് ഒത്തുതീർപ്പ് ഓപ്ഷന് എന്നറിയപ്പെടുന്നത്. പോളിസി ഉടമ ഒത്തുതീർപ്പ് ഓപ്ഷന് എടുക്കാന് തീരുമാനിച്ചാൽ ആ വിവരം മുൻകൂട്ടി ഇൻഷുറൻസ് കമ്പനിയെ അറിയിക്കേണ്ടതാണ്.

| ചോദ്യം 5.2 |
| --- |
| ഒരു ഗ്രൂപ്പ് ഇൻഷുറൻസ് പ്ലാനിന്റെ പ്രത്യേകതകള് പട്ടികപ്പെടുത്തുക. |

**ബി2എൽ ചൈൽഡ് പ്ലാനുകള്**

• ചൈൽഡ് ഇൻഷുറൻസ് പ്ലാനുകള് രക്ഷിതാക്കളെ അവരുടെ കുട്ടികലുടെ ഭാവി സാമ്പത്തിക ആവശ്യങ്ങളായ വിദ്യാഭ്യാസം വിവാഹം എന്നിവ സംരക്ഷിക്കാൻ സഹായിക്കുന്നു.

• ചൈൽഡ് ഇൻഷുറൻസ് പ്ലാനുകൾക്ക് ഇൻഷുറൻസും അതേസമയം സേവിംഗ്സുമായി നിലകൊള്ളാനുള്ള കഴിവുണ്ട്.

• കുട്ടികൾക്ക് സ്വന്തമായി വരുമാനമില്ല എന്ന കാര്യം ഓർമ്മിക്കുക. പകരം അവർ പൂർണ്ണമായും രക്ഷിതാക്കളെ ആശ്രയിച്ചാണ് ജീവിക്കുന്നത്. രക്ഷിതാക്കൾ ഇൻഷുറൻസ് കമ്പനിയ്ക്ക് പ്രീമിയം അടയ്ക്കുന്നത് കുട്ടികളുടെ ഭാവി സാമ്പത്തിക ആവശ്യങ്ങൾക്ക് പണം ആർജ്ജിക്കാനാണ്.

• പോളിസി മെച്യൂരിറ്റിയിലെത്തുമ്പോൾ ആനുകൂല്യം ലഭിക്കുന്ന ബെനിഫിഷ്യറിയാണ് കുട്ടി.

• ഈ പ്ലാനുകളിൽ പരിരക്ഷിക്കപ്പെട്ട കുട്ടിയുടെ ജീവിതം അപകടസാദ്ധ്യതയിലാവുന്നത് കുട്ടി ഒരു പ്രത്യേക പ്രായത്തില് എത്തുമ്പോള് മാത്രമാണ്. പോളിസിയുടെ ആരംഭവും അപകടസാദ്ധ്യതയുടെ ആരംഭഘട്ടത്തിനും ഇടയിലുള്ള കാലഘട്ടത്തെയാണ് വൈകൽ കാലഘട്ടം.

• വൈകൽ കാലഘട്ടത്തിന്റെ അവസാനം അപകടസാദ്ധ്യത ആരംഭിക്കുന്ന ദിവസത്തെയാണ് വൈകല് ദിവസം എന്ന് പറയുന്നത്. വൈകൽ ദിവസം പോളിസി വാർഷികമായിരിക്കും.

• വൈകൽ കാലഘട്ടത്തില് ഇൻഷുറൻസ് പരിരക്ഷയൊന്നും ഉണ്ടാവുകയില്ല.

• കുട്ടിയ്ക്ക് പ്രായ്പൂർത്തിയാകുമ്പോള് (18 വയസ്സ്) പോളിസി തനിയേ ഇൻഷേർഡായ കുട്ടിയിലേയ്ക്ക് എത്തും.ഈ പ്രക്രിയയെയാണ് വെസ്റ്റിംഗ് എന്നു പറയുന്നത്. പോളിസിയ്ക്ക് കുട്ടി അർഹനാകുന്ന ദിവസത്തിനാണ് വെസ്റ്റിംഗ് തിയതി എന്നു പറയുന്നത്.

• വെസ്റ്റിംഗിന് ശേഷം പോളിസി ഇൻഷുററും ഇൻഷേർഡ് ആയ വ്യക്തിയും തമ്മിലുള്ള കരാറായി മാറുന്നു (ഈ കേസിൽ കുട്ടി).

• ചില ചൈൽഡ് ഇൻഷുറൻസ് പ്ലാനുകള് അതില് തന്നെയുള്ള 'വെയ്വർ ഓഫ് പ്രീമിയം' റൈഡറുമായാണ്, എന്നുവെച്ചാൽ രക്ഷിതാവിന് കുറച്ച് പ്രീമിയം അധികമടച്ചാല് 'വെയ്വർ ഓഫ് പ്രീമിയം' റൈഡർ സ്വന്തമാക്കാന് സാധിക്കും. ഈ കേസിൽ രക്ഷിതാവ് പോളിസി കാലവധിയ്ക്കിടെ മൃത്യുവടയുകയാണെങ്കില് ഇൻഷുറൻസ് കമ്പനി രക്ഷിതാവിനുവേണ്ടി ഈ തുക അടയ്ക്കുകയും (പ്രായപൂർത്തിയാകുന്നതുവരെ) പോളിസി നിലനിർത്തുകയും ചെയ്യും. കുട്ടി പോളിസി കാലാവധിയ്ക്കൊടുവിൽ നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമനുസരിച്ച് ആനുകൂല്യങ്ങള് കൈപ്പറ്റുന്നു. അദ്ധ്യായം 7 ല് റൈഡറുകളെക്കുറിച്ച് കൂടുതല് വിശദമായി ചർച്ച ചെയ്യും.

• ചൈൽഡ് ഇൻഷുറൻസ് പ്ലാനുകള് **എന്റോവ്മെന്റ് പ്ലാനുകൾ, മണിബാക്ക് പ്ലാനുകൾ** അല്ലെങ്കിൽ **യൂലിപ്പ് പ്ലാനുകളുടെ** രൂപത്തില് എടുക്കാം.

**ബി2എം മണി ബാക്ക് പോളിസികൾ**

• മണി ബാക്ക് പോളിസികൾ നിക്ഷേപ ഇൻഷുറൻസ്, കൂടാതെ ഏകദേശം എന്റോവ്മെന്റ് പോളിസിയ്ക്ക് സമാനമായതുമായ പ്രത്യേകതകളെ സമന്വയിപ്പിച്ചുകൊണ്ടുള്ളതാണ്.

• ഒരു എന്റോവ്മെന്റ് പ്ലാനിൽ, പോളിസി ഉടമ ആനുകൂല്യം പോളിസി കാലാവധിക്കൊടുവിൽ കൈപ്പറ്റുന്നു. എന്നിരുന്നാലും മണിബാക്ക് പോളിസികളിൽ **'ഭാഗിക അതിജീവന ആനുകൂല്യങ്ങൾ'** പോളിസിയ്ക്കിടെ നിശ്ചിത കാലപരിധികളിൽ നൽകുന്നു.

• നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമനുസരിച്ച് പോളിസി ഉടമ അതിജീവന ആനുകൂല്യം നിശ്ചിത അളവുകളിൽ കൈപ്പറ്റും.

• നിശ്ചിത കാലപരിധികളിൽ ലഭിക്കുന്ന ആനുകൂല്യങ്ങളിന്മേല് നികുതി ഈടാക്കുന്നതല്ല.

• പോളിസി ഉടമ പോളിസി കാലാവധിയ്ക്കിടെ മരിക്കുകയാണെങ്കിൽ, നോമിനിയ്ക്കോ അല്ലെങ്കിൽ ബെനിഫിഷ്യറിയ്ക്കോ മൊത്തം സം ഇൻഷേർഡ് തുകയും അതിനോടൊപ്പം ആർജ്ജിത ബോണസ്സ് വല്ലതുമുണ്ടെങ്കിൽ അതും അതിജീവന ആനുകൂല്യങ്ങള് നൽകിയിട്ടുണ്ടെങ്കില് കുറയ്ക്കാതെ നൽകുന്നു.

**ഉദാഹരണം**
ചേതൻ മിശ്ര എബിസി കമ്പനിയില് നിന്ന് 20 വർഷത്തെ ഒരു മണീ ബാക്ക് പോളിസി എടുത്തു. സം ഇൻഷേർഡ് 20,00,000 രൂപയായിരുന്നു. താൻ ജീവിച്ചിരിക്കെത്തന്നെ ആനുകൂല്യങ്ങള് അനുഭവിക്കണം എന്നാഗ്രഹിച്ചതിനാലാണ് അയാൾ മണീ ബാക്ക് പദ്ധതി തിരഞ്ഞെടുത്തത്. തന്റെ ഭാര്യ സുമേധയെ ആണ് ബെനിഫിഷ്യറിയായി നാമനിർദ്ദേശം ചെയ്യപ്പെട്ടത്. മണീ ബാക്ക് പോളിസി പ്രകാരം 5, 10, 15 വർഷങ്ങളുടെ അവസാനം അതിജീവന ആനുകൂല്യം ലഭിക്കും. 25% ത്തിന്റെ ബാക്കി ഭാഗം 20 വർഷം പൂർത്തിയാകുമ്പൊഴും നൽകും. എന്നിരിക്കെ കുടുംബത്തെ ദുരന്തം പിടികൂടി. ചേതൻ ഒരു കാറപകടത്തിൽ മരിച്ചു. സുമേധ ചേതനിൽ മാത്രമാണ് സാമ്പത്തികമായി ആശ്രയിച്ചിരുന്നത്

പോളിസി എടുത്ത് 11 ആം വർഷത്തിലാണ് ദുരന്തം ചേതനെ പിടികൂടിയത്. അയാൾക്ക് ഇതിനോടകം തന്നെ ഒരു ശതമാനം അതിജീവന ആനുകൂല്യം 5, 10 വർഷങ്ങളില് ലഭിച്ചു കഴിഞ്ഞു (10,00,000 രൂപ).

ചേതന് 5, 10 വർഷങ്ങളില് ഒരു ഭാഗം തുക (10,00,000 രൂപ) ലഭിച്ചുവെങ്കിലും ഈ കേസിൽ സുമേധയ്ക്ക് 20,00,000 രൂപ അതായത് മുഴുവന് സം ഇൻഷേർഡ് ലഭിക്കും.

**ബി2എൻസാലറി സേവിംഗ്സ് സ്കീമുകള് (എസ്എസ്എസ്)**
• തൊഴിലാളികളുടെ ആവശ്യങ്ങൾ നിർവ്വഹിക്കാനുദ്ദേശിച്ചുള്ളവയാണ് സാലറി സേവിംഗ്സ് സ്കീമുകള് (എസ്എസ്എസ്).
• ഈ സ്കീമുകളിൽ ഇൻഷുറൻസ് കമ്പനിയ്ക്ക് തൊഴില് ദാതാവുമായി ഒരു കാരാറുണ്ട്.അതുവഴി തൊഴിൽ ദാതാവ് ജീവനക്കാരന്റെ ശമ്പളത്തില് നിന്ന് ഒരു തുക കുറച്ച് അത് പ്രീമിയമായി അടുത്ത മാസമടയ്ക്കാനായി ഇൻഷുറൻസ് കമ്പനിയ്ക്ക് കൈമാറുന്നു.
• പ്രീമിയം ശമ്പളത്തിൽ നിന്ന് കുറയ്ക്കുന്നതുകൊണ്ട് പ്രീമിയം വൈകുമെന്ന കാര്യത്തില് ആശങ്കയില്ല.
• ജീവനക്കാരെ ഭാഗഭാക്കാക്കുകവഴി, കമ്പനി അവയൊന്നിച്ച് ഒറ്റത്തുകയായി ഏൽപ്പിക്കുക വഴിയും ഇൻഷുറൻസ് കമ്പനിയ്ക്കും നേട്ടമുണ്ടാകുന്നു.

**ഇത് പരിഗണിക്കുക...**
ഇൻഷുറൻസ് കമ്പനിയ്ക്ക് എന്ത് ആനുകൂല്യമുണ്ടാകുമെന്നാണ് നിങ്ങൾക്ക് തോന്നുന്നത്?

• പോളിസി സ്വീകരിക്കപ്പെടുമ്പോൾ തൊഴില് ദാതാവും ഇൻഷുററും തമ്മില് ഒപ്പിടുന്ന കരാറില് ജീവനക്കാരൻ ഒപ്പിട്ട അനുമതിപത്ര പ്രകാരം ജീവനക്കാരന്റെ ശമ്പളത്തില് നിന്ന് തൊഴില് ദാതാവ് പ്രീമിയം കുറയ്ക്കുന്നു.
• ജീവനക്കാരുടെ പേര്, അവരുടെ ജോലി കൂടാതെ ഇൻഷുറൻസ് കമ്പനിയുടെ പേരില് ഏത് കാലഗണനയിൽ എത്ര തുക പ്രീമിയമായി കുറയ്ക്കണം തുടങ്ങിയ എല്ലാ വിവരങ്ങളും ഉൾപ്പെടുന്ന ഡിമാന്റ് പട്ടിക.
• ഒരു സാലറി സേവിംഗ്സ് സ്കീം (എസ്എസ്എസ്) ഒരു നിശ്ചിത ഇൻഷുറൻസ് പ്ലാനല്ല. ഇതൊരു ടേം പ്ലാനിന്, ഒരു എന്റോവ്മെന്റ് പ്ലാനിന് കൂടാതെ എസ്എസ്എസ് കരാര് പ്രകാരമുള്ള മറ്റേതെങ്കിലും ഇൻഷുറര് വാഗ്ദാനം ചെയ്യുന്ന പ്ലാനുകൾക്ക് തവണകള് ശേഖരിക്കാനായുള്ള എളുപ്പപ്പണി മാത്രമാണ്.

## സി.നികുതിയീടാക്കലും പണപ്പെരുപ്പവും

### സി1 ഇൻഷുറൻസ് ഉൽപന്നങ്ങളുടെ നികുതിപരമായ പ്രയോഗങ്ങള്
1961 ലെ നികുതി നിയമപ്രകാരം ലൈഫ് ഇൻഷുറൻസ് ഉൽപന്നങ്ങൾക്ക് നികുതി ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ഇൻഷുറൻസ് ഉൽപന്നങ്ങള് ഇത്തരത്തില് നിക്ഷേപസമയത്തും മെച്യൂരിറ്റി സമയത്തും ആദായനികുതി ആനുകൂല്യങ്ങൾക്ക് അർഹമാണ്.

(എ) **നിക്ഷേപ ഘട്ടം**: ലൈഫ് ഇൻഷുറൻസ് പ്ലാനുകൾക്കായി അടച്ച പ്രീമിയങ്ങള് നികുതിയടയ്ക്കേണ്ട വരുമാനത്തിൽ നിന്നും ആദായ നികുതി നിയമം 80സി പ്രകാരം യോഗ്യമാണ്. ഈ നിയമം വ്യക്തമാക്കുന്നത് താഴെപ്പറയുന്ന വ്യവസ്ഥകള് പാലിച്ചാല് മാത്രമാണ് അതിന് അര്ഹതയുണ്ടാവുക എന്നാണ്:

- നിലവിലെ നികുതി നിയമപ്രകാരം അടച്ച പ്രീമിയം സം ഇൻഷേവർഡിന്റെ 20% അല്ലെങ്കില് 20% ല് കുറവായിരിക്കണം; അല്ലെങ്കിൽ
- സം ഇൻഷേവർഡിനായി അടച്ച പ്രീമിയത്തിന്റെ തവണ അഞ്ചോ അതിലധികമോ ആയിരിക്കണം.

**ഉദാഹരണം**

പ്രശാന്ത് 4 ലക്ഷം രൂപ പരിരക്ഷയുള്ള ഒരു യൂലിപ്പ് വാങ്ങുന്നു. ഈ പോളിസിയിലെ നികുതി ആനുകൂല്യങ്ങൾ ഉപയോഗിക്കാൻ, പ്രീമിയം ഇൻഷുറൻസ് പരിരക്ഷയായ 4 ലക്ഷം രൂപയുടെ 20% ത്തിൽ കുറവായിരിക്കണം. അതായത് നികുതി ആനുകൂല്യങ്ങൾ നേടാൻ 80,000 രൂപയോ അല്ലെങ്കില് അതിൽ കുറവോ ആയിരിക്കണം പ്രീമിയം.

പ്രീമിയം സം ഇൻഷേവർഡിന്റെ 20% ൽ അധികമാണെങ്കിൽ, അതായത് 80,000 രൂപയിലധികമാണ് (1,00,000 രൂപയെന്ന് വിചാരിക്കുക) പ്രീമിയമെങ്കിൽ 20% തുകയ്ക്ക് നികുതി ആനുകൂല്യങ്ങള് ലഭിക്കും, ബാക്കി തുകയ്ക്ക് നികുതി ഈടാക്കും.

ഇനി, നമുക്കിത് മറ്റൊരു തരത്തിൽ നോക്കാം:

നികുതിഅടയ്ക്കേണ്ടതന്റെവരുമാനത്തിൽനിന്ന്അതായത് 80,000 രൂപനികുതിഇളവുകൾലഭിക്കാനായിപ്രശാന്ത്നിക്ഷേപിക്കാനാഗ്രഹിക്കുന്നു .അതുകൊണ്ട് 80,000 രൂപഅടയ്ക്കേണ്ടയൂലിപ്പ്പദ്ധതിയിൽനിക്ഷേപിക്കാൻഅയാൾതീരുമാനിച്ചു . നികുതിആനുകൂല്യംമൊത്തംതുകയ്ക്കുംലഭിക്കണമെങ്കിൽഅഞ്ച്തവണയോഅതിലേറെയോപ്രീമിയങ്ങളായിഅടയ്ക്കേണ്ടതുണ്ട് .ഈകേസിൽ 4 ലക്ഷ>രൂപയോഅതിലേറെയോഇൻഷുറൻസ്പരിരക്ഷഎടുത്താലേപ്രശാന്തിന്നികുതിആനുകൂല്യംലഭിക്കൂ.

**ബോധവാനായിരിക്കുക**

നിലവിലുള്ള നികുതി മാനദണ്ഡങ്ങൾ ഏത് സമയത്തും പുനഃപരിശോധനയ്ക്ക് വിധേയമായേക്കാം, അത് ആദ്യാനികുതി വിഭാഗത്തിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി മാറാം.

2012 ഏപ്രില് 1 മുതല് പുതിയ ഡയറക്റ്റ് ടാക്സ് കോഡ് (ഡിടിസി) സാമ്പത്തിക മന്ത്രാലയത്തിന്റെ ശാസനപ്രകാരം നടപ്പിലാകും, അത് സമയാസമയങ്ങളിൽ വരുന്ന മാറ്റങ്ങൾക്ക് ഒരുദാഹരണമാണ്.

വിഭാഗം 80സി പ്രകാരം ഒരു സാമ്പത്തിക വർഷത്തില് നികുതി ഇടവ് ലഭിക്കുന്നത് 1,00,000 രൂപയോ അതിനു താഴെയോ പ്രീമിയം അടയ്ക്കുമ്പോൾ മാത്രമാണ്.

(ബി) **മെച്യൂരിറ്റി ഘട്ടം**: നിലവിലുള്ള നികുതി നിയമപ്രകാരം ലൈഫ് ഇൻഷേവർഡിനോ അല്ലെങ്കില് നോമിനി/ബെനിഫിഷ്യറി എന്നിവർക്ക് ലഭിക്കുന്ന മൃത്യു പരിരക്ഷയും ആദായനികുതി നിയമത്തിന്റെ വകുപ്പ് 10 (10 ഡി) പ്രകാരം നികുതിയിളവിന് യോഗ്യമാണ്. എന്നിരുന്നാലും, മെച്യൂരിറ്റി ആനുകൂല്യങ്ങൾക്കും പ്രീമിയം സം ഇൻഷേവർഡിന്റെ 20% ല് അധികമാകരുത് എന്ന വ്യവസ്ഥയുണ്ട്.

നിർദ്ദിഷ്ട പ്രവർത്തനം

ആദായനികുതി നിയമത്തിന്റെ വിഭാഗം 80സി പ്രകാരം വിവിധ ഭാഗങ്ങളിലായി ഒരു വ്യക്തി നടത്തുന്ന 1,00,000 രൂപ വരെയുള്ള നിക്ഷേപങ്ങള് നികുതിയിളവിന് യോഗ്യമാണ്. ലൈഫ് ഇൻഷുറൻസ് നിക്ഷേപത്തിനുള്ള ഒരിടമാണ്. മറ്റ് മാർഗങ്ങള് കണ്ടെത്തുകയും അവയുടെ പട്ടിക തയ്യാറാക്കുകയും ചെയ്യുക.

**സി2 നാണയപ്പെരുപ്പം**

ഒരു സമയത്തേയ്ക്ക്, എടുത്തിരിക്കുന്ന ഇൻഷുറൻസ് പരിരക്ഷയെ നാണയപ്പെരുപ്പം ബാധിച്ചേക്കാം. ചുരുക്കിപ്പറഞ്ഞാൽ, നാണയപ്പെരുപ്പം എന്നാല് വസ്തുക്കളുടെയും സേവനങ്ങളുടെയും വില കൂടുകയും അത് ജീവിത നിലവാരത്തെത്തന്നെ അതിന്റെ ചിലവിനെത്തന്നെ ബാധിക്കുകയും ചെയ്യുന്ന അവസ്ഥയാണ്.

**ഉദാഹരണം**

കുറച്ച് വർഷങ്ങള് മുമ്പ് വരെ ഒരു ലിറ്റര് പെട്രോളിന്റെ വില 40 രൂപയായിരുന്നു. ഇന്നത് 60 രൂപയായി വർദ്ധിച്ചിരിക്കുന്നു. എന്നുവെച്ചാൽ 50% ശതമാനമാണ് വർദ്ധന. കുറച്ച് വർഷങ്ങൾക്ക് മുമ്പുവരെ 100 രൂപ നോട്ടുകൊണ്ട് 2.5 ലിറ്റര് പെട്രോള് ലഭിച്ചിരുന്നെങ്കില് ഇപ്പോഴത് 1.67 ലിറ്റര് മാത്രമാണ്.

100 രൂപ കുറച്ച് വർഷങ്ങള് മുമ്പ് വാങ്ങിയിരുന്ന വസ്തുക്കള് കുറഞ്ഞുകുറഞ്ഞുവരുന്നു. ഇത് തുടർന്നാല് ഭാവിയില് അതിനിയും കുറയും.

**അതാണ് പണപ്പെരുപ്പത്തിന്റെ പ്രത്യാഘാതം :രൂപയ്ക്ക് അതിന്റെ മൂല്യം നഷ്ടമാകുന്നു**

നാണയപ്പെരുപ്പത്തിന് ഇൻഷുറൻസ് പരിരക്ഷയിലും ഒരേ സ്വാധീനമാണുള്ളത്. ഉദാഹരണത്തിന് ചിലവുകൾ കണക്കുകൂട്ടി 30 വർഷത്തേയ്ക്ക് 50 ലക്ഷം രൂപയുടെ പരിരക്ഷ നമ്മള് വാങ്ങുന്നു. പക്ഷെ പരിരക്ഷ 15-20 വർഷം കൊണ്ടുതന്നെ നാണയപ്പെരുപ്പത്താല് മൂല്യം കുറഞ്ഞ നിലയിലാകും. അതിനാൽ കക്ഷികൾ (അവരുടെ ഇൻഷുറൻസ് ഏജന്റുമാരും) നാണയപ്പെരുപ്പത്തിനനുസരിച്ച് പരിരക്ഷ പുനഃപരിശോധിക്കണം.

ഉറപ്പിച്ചതോ/സ്ഥിരമായതോ ആയ ഇടവേളകളിൽ ഇൻഷുറൻസ് പരിരക്ഷ കൂട്ടാനോ കുറയ്ക്കാനോ ചില ഇൻഷുറൻസ് പ്ലാനുകള് അനുവദിക്കുന്നു.

**ഉദാഹരണം**

ചില കമ്പനികൾ സം ഇൻഷേർഡ് എല്ലാ വർഷവും 5-10%കൂട്ടാനോ /കുറയ്ക്കാനോ അനുവദിക്കാറുണ്ട്. ഇത് ഇൻഷേർഡിന് നാണയപ്പെരുപ്പത്തില് നിന്നും സ്വയം രക്ഷ നേടാന് സഹായിക്കും.

**ഡിപരിരക്ഷാ ആവശ്യങ്ങളെ മുൻഗണനാ അടിസ്ഥാനത്തില് തിരിക്കല്**

**ഡി1 പരിരക്ഷാ ആവശ്യങ്ങളെ മുൻഗണനാ അടിസ്ഥാനത്തില് തിരിക്കേണ്ടുന്നത് എന്തുകൊണ്ട്?**

ഒരു വ്യക്തിയ്ക്ക് ജീവിതത്തില് ഒരുപാട് പരിരക്ഷാ ആവശ്യങ്ങളുണ്ടാകാം. പ്രാശാന്തിനെ ഉദാഹരണമാക്കി നമുക്ക് വീണ്ടും വിവിധ പരിരക്ഷാ ആവശ്യങ്ങൾ മനസ്സിലാക്കാം:

**ചിത്രം5.2**




പ്രശാന്തിന് എല്ലാ ആവശ്യങ്ങൾക്കും നിക്ഷേപം നടത്താനുണ്ടോ? ഇല്ലെങ്കിൽ എങ്ങനെയാണ് ഏറ്റവും പ്രധാനപ്പെട്ടതെന്ത് എന്ന് അയാൾ തീരുമാനിക്കുക?

ആവശ്യത്തിന് സാമ്പത്തിക ഉറവിടങ്ങളുള്ള ഒരു വ്യക്തിയ്ക്ക് എല്ലാ പരിരക്ഷാ ആവശ്യങ്ങൾക്കുമുള്ള പരിരക്ഷ ലഭ്യമാക്കാൻ സാധിക്കും. പക്ഷെ പരിമിതമായ സാമ്പത്തിക ഉറവിടങ്ങൾ മാത്രമുള്ള ഒരു വ്യക്തിയ്ക്ക് ഒരേ സമയം എല്ലാ പരിരക്ഷാ ആവശ്യങ്ങളും നേടുക സാദ്ധ്യമല്ല. ഇവിടെയാണ് ആവശ്യങ്ങളെ മുൻഗണനാടിസ്ഥാനത്തില് തിരിക്കുക എന്ന ആശ്യത്തിന് പ്രാധാന്യം ലഭിക്കുന്നത്.

**ഡി2 ആവശ്യങ്ങളെ എങ്ങനെ മുൻഗണനാ അടിസ്ഥാനത്തില് തിരിക്കാം**

പ്രശാന്തിന് തന്റെ എല്ലാ പരിരക്ഷാ ആവശ്യങ്ങളും നിർവഹിക്കാന് മതിയായ ഉറവിടങ്ങളില്ല എന്ന് വിചാരിക്കുക. ഏജന്റിന് മുൻഗണനാ അടിസ്ഥാനത്തില് ആവശ്യങ്ങളെ തരം തിരിക്കാനാകുമോ എന്ന് നമുക്ക് നോക്കാം. നമുക്ക് ഒന്നൊന്നായി പരിശോധിക്കാം.

| | |
|---|---|
| **ഭാവി വരുമാനത്തിനുള്ള പരിരക്ഷ:** | •ഈ ആവശ്യം പ്രശാന്തിന് മറ്റെല്ലാ ആവശ്യങ്ങൾക്കും പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് പ്രശാന്ത് അതിന് മുൻഗണന നൽകി പരിരക്ഷ വാങ്ങേണ്ടതാണ്. അയാൾക്ക് ടേം ഇൻഷുറൻസ് പ്ലാനിൽ തുടങ്ങി നിക്ഷേപ പദ്ധതികളില് പിന്നീട് ചേരാം. മറ്റ് ഓപ്ഷന് പിന്നീട് പരിവർത്തിപ്പിക്കാവുന്ന ടേം പ്ലാനെടുത്ത് എന്റോവ്മെന്റ് പ്ലാനോ അല്ലെങ്കില് മൊത്തം ലൈഫ് പ്ലാനോ ആക്കി മാറ്റുകയാണ് |
| **വൈദ്യ/ആരോഗ്യ പ്രശ്നങ്ങളിൽ നിന്ന് സ്വയവും കുടുംബമായും പരിരക്ഷ നേടുക:** | • ഈ ആവശ്യം ഏത് സമയത്തും ഉണ്ടാകാവുന്ന വൈദ്യ അടിയന്തരാവസ്ഥകളെ നേരിടാന് സഹായിക്കുന്നു. പ്രശാന്തിന് കുടുംബ ലൈഫ് ഇൻഷുറൻസ് പ്ലാന് എടുക്കാം. ഈ കേസിൽ, ഒരുപാട് ശമ്പളക്കാരായ ജീവനക്കാരിൽ നിന്ന് ഹെൽത് ഇൻഷുറൻസ് പ്ലാനുകള് സ്വന്തമായും കുടുംബത്തിനും ലഭ്യമാക്കുന്നുണ്ട്. |

| | |
|---|---|
| | ഈപരിതസ്ഥിതികളില് ഉറവിടങ്ങള് പരിമിതമായതിനാല് പ്രസ്തുത ആവശ്യം നീട്ടിവെയ്ക്കാം. |
| **നിശാന്തിന്റെ വിദ്യാഭ്യാസത്തിനായി പദ്ധതിയിടല് :** | • ഈ ആവശ്യം കുട്ടികളുള്ള വിവാഹിതനായ ഒരാൾക്ക് മുൻഗണനാടിസ്ഥാനത്തില് ഉണ്ടായിരിക്കേണ്ട ഒരാവശ്യമാണ്. ഈ കേസിൽ പ്രശാന്തിന് ആരംഭത്തിൽ കുറഞ്ഞ തുകയ്ക്ക് ചൈൽഡ് ഇൻഷുറൻസ് പ്ലാന് ആരംഭിക്കാന് സാധിക്കും, പിന്നീട് ആവശ്യമായത്ര ഉറവിടങ്ങളുണ്ടാകുമ്പോൾ ഈ ലക്ഷ്യത്തിനായി നിക്ഷേപങ്ങൾ വർദ്ധിപ്പിക്കാം. |
| **നിശാന്തിന്റെ വിവാഹത്തിനായി പദ്ധതിയിടല്:** | • ഈ ആവശ്യം കുറച്ചു സമയത്തേയ്ക്ക് നീക്കിവെയ്ക്കാം. പിന്നീട് ആവശ്യമായത്ര ഉറവിടങ്ങളുണ്ടാകുമ്പോൾ ഈ ലക്ഷ്യത്തിനായി നിക്ഷേപങ്ങൾ വർദ്ധിപ്പിക്കാം. |
| **ഹോം ലോൺ, കാർ ലോണ് എന്നിവയ്ക്കായുള്ള പരിരക്ഷ:** | • ഈ ആവശ്യങ്ങൾക്ക് പരിരക്ഷ വാങ്ങേണ്ടത് വളരെ അത്യാവശ്യമാണ്. കുടുംബത്തിന്റെ വരുമാനദാതാവിന് വല്ലതും സംഭവിക്കുകയാണെങ്കിൽ ഇഎംഐ അടയ്ക്കാനും കടക്കാരോട് മറുപടി പറയാനും അത് തീർപ്പാക്കാനും ഇതുവഴി സാധിക്കും. ബാങ്കിൽ നിന്ന് ഹോം ലോൺ പരിരക്ഷാ ഇൻഷുറൻസ് പോളിസി ലഭിക്കും. അതുപോലെ കാറിന് ടേം ഇൻഷുറൻസ് പരിരക്ഷ വർദ്ധിപ്പിക്കാന് സാധിക്കും. |
| **വിരമിക്കാൻ പദ്ധതിയിടല്:** | •ഇതൊരു പ്രധാനപ്പെട്ട ആവശ്യമാണ്. എന്നിരുന്നാലും, ഒരുപാട് വരുമാനമില്ലാത്ത ഒരാൾക്ക് കുറഞ്ഞ തുകയില് പരിരക്ഷ ആരംഭിക്കാനാകും. പിന്നീട് ആവശ്യമായത്ര ഉറവിടങ്ങളുണ്ടാകുമ്പോൾ ഈ ലക്ഷ്യത്തിനായി നിക്ഷേപങ്ങൾ വർദ്ധിപ്പിക്കാം. അടുത്ത രണ്ട് അദ്ധ്യയങ്ങളിൽ നമ്മള് പെൻഷന് പ്ലാനുകളെക്കുറിച്ച് വിശദമായി പഠിക്കും. |

ഒരു പ്രുഡന്റ് സമീപനം പരിരക്ഷാ ആവശ്യങ്ങൾക്കായി നടത്തുന്നത്:

**ചിത്രം 5.3**

അവയെ മുൻഗണനാടിസ്ഥാനത്തില് തിരിച്ച് അത്യന്താപേക്ഷിതവും അത്യാവശ്യങ്ങളേറ്റവുമധികമുള്ളതുമായ പരിരക്ഷ ആദ്യം നേടുക.

↓

ഒരുവിധം ആവശ്യങ്ങളുള്ളവയ്ക്ക് ചെറിയ തുകയിൽ നിക്ഷേപമാരംഭിക്കുകയും പിന്നീട് വർദ്ധിപ്പിക്കുകയും ചെയ്യുക.

↓

കുറച്ചുസമയത്തേയ്ക്ക് താഴ്ന്ന മുൻഗണനയുള്ള ആവശ്യങ്ങള് മാറ്റിവെയ്ക്കുകയും സമയമാകുമ്പോൾ കഴിവുപോലെ അവ എടുക്കുകയും ചെയ്യുക.

**നിർദ്ദിഷ്ട പ്രവർത്തനം**

നിങ്ങളുടെ തന്നെ ആവശ്യങ്ങൾ പട്ടികപ്പെടുത്തുക. മുൻഗണനാടിസ്ഥാനത്തില് അവയെ അത്യന്താപേക്ഷിതം, ഉയർന്ന, താഴ്ന്ന, മുൻഗണയുള്ള വിഭാഗങ്ങളാക്കി തിരിക്കുക.

എങ്ങനെയാണ് പ്രശാന്തിന്റെ ജീവിതം ദുരന്തമായി കലാശിച്ചത് എന്ന് നമ്മള് കണ്ടു, കൂടാതെ എങ്ങനെയാണ് മതിയായ പരിരക്ഷ പ്രശാന്തിന് കുടുംബത്തിന് ലഭ്യമാക്കാമായിരുന്നത് എന്നും നമ്മൾ കണ്ടു.

**കേസ് സ്റ്റഡി: പ്രശാന്തിന്റെ ജീവിതം നല്ല നിലയിലേയ്ക്ക് തിരിച്ചുവന്നു**.
കേസ് സ്റ്റഡിയുടെ ആദ്യഭാഗം ഇൻഡ്യയുടെ തിളങ്ങുന്ന മുഖമാണ് കാണിച്ചതെങ്കില്, രണ്ടാം ഭാഗം ജീവിതത്തിന്റെ പരുക്കന് മുഖങ്ങളെക്കുറിച്ചായിരുന്നു. നിങ്ങൾ മുന് ഒരുക്കം നടത്തിയില്ലെങ്കില് ജീവിതത്തിന് നിങ്ങളെ എങ്ങനെ ഞെട്ടിക്കാനാകുമെന്നും തകർക്കാനാകുമെന്നും മനസ്സിലാക്കി.

പ്രശാന്തിന്റെ പദ്ധതികള് എങ്ങനെയാണ് തകർന്നതെന്നും ഇൻഷുറൻസ് എങ്ങനെ പ്രസ്തുത ആവശ്യങ്ങൾ നിർവഹിക്കുമായിരുന്നു എന്നും നമ്മളിനി അവലോകനം ചെയ്യും.

•**ടേം ഇൻഷുറൻസ്**:പ്രശാന്താണ് കുടുംബത്തിലെ സമ്പാദിക്കുന്ന ഒരേയൊരംഗം, അതുകൊണ്ട് ജോലിയുടെ ബാക്കി വർഷങ്ങളിലും ആ വരുമാനം ഉറപ്പുവരുത്തണം. ചുരുക്കത്തില് പ്രശാന്ത് ഉണ്ടെണ്ഗ്കിലും ഇല്ലെങ്കിലും കുടുംബം ബുദ്ധിമുട്ടരുത്. ഇൻഷുറൻസിന് ഒരാളുടെ വിയോഗം കൊണ്ടുണ്ടായ വൈകാരികമായ വിടവ് നികത്താൻ സാദ്ധ്യമല്ല, പക്ഷെ സാമ്പത്തിക പ്രശ്നങ്ങളെ അതിജീവിക്കാൻ ഇതു സഹായിക്കും. ടേം ഇൻഷുറൻസ് പ്രശാന്ത് നല്ല ഒരു തുകയ്ക്കെടുത്തിരുന്നുവെങ്കില് വിരമിക്കുന്നതുവരെ പ്രശാന്തിന് ലഭിക്കുമായിരുന്ന ശമ്പളം പരിഗണിക്കപ്പെടുമായിരുന്നു. പകരം പ്രശാന്ത് ഒരു എന്റോവ്മെന്റ് പ്ലാനാണ്, അതും ഒരു വർഷത്തേയ്ക്കുപോലും സഹായിക്കാന് കഴിവില്ലാത്തത് വാങ്ങുകയാണ് ചെയ്തത്. കൂടാതെ, പ്രശാന്ത് ഇത് വാങ്ങിയത് നികുതി ലാഭിക്കാനാണ് അല്ലാതെ പരിരക്ഷയ്ക്കുമല്ല. പ്രശാന്ത് എന്റോവ്മെന്റ് പ്ലാനിനുപകരം ഒരു ടേം ഇൻഷുറൻസ് പ്ലാന് വാങ്ങിയിരുന്നെങ്കിൽ അതേ 20,000 രൂപയുടെ പ്രീമിയം കൊണ്ട് ഒരുപാട് വലിയ പരിരക്ഷ ലഭിക്കുമായിരുന്നു, അതായത് ഹോം ലോൺ, കാർ ലോണ് കൂടാതെ അയാളുടെ അഭാവത്തില് കുടുംബത്തിന് ആവശ്യമായ മറ്റ് കാര്യങ്ങൾ സാധിക്കാനും സഹായിക്കുമായിരുന്നു.

• **ചൈൽഡ് ഇൻഷുറൻസ്**:പ്രശാന്തിന് സ്വയം തന്നെ വേണ്ടത്ര പരിരക്ഷ ഉണ്ടായിരുന്നില്ല. അതേസമയം നിശാന്തിന്റെ പഠനത്തിനായി മ്യൂചല് ഫണ്ടില് നിക്ഷേപിക്കുകയും ചെയ്തു. പ്രശാന്ത് മരിച്ച നിമിഷം മുതൽ മ്യൂചല് ഫണ്ട് നിലയ്ക്കുകയും നിശാന്തിന്റെ ഭാവി അനിശ്ചിതത്വത്തിലാവുകയും ചെയ്തു. പ്രശാന്ത് ചൈൽഡ് എഡ്യുക്കേഷന് പ്ലാനില് നിക്ഷേപിക്കേണ്ടതായിരുന്നു. ആ പ്ലാൻ പ്രശാന്തിന് മരണം സംഭവിക്കുകയാണേങ്കിൽ നിശാന്തിന്റെ ആവശ്യങ്ങള് നോക്കി നടത്തുമായിരുന്നു.

• **ഹോം ലോണും കാർ ലോണും**:പ്രശാന്തിന്റെ ചുമതലകൾ വർദ്ധിച്ചപ്പോൾ, അയാളുടെ അധിക ചുമതലകളെ പരിരക്ഷിക്കണമായിരുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത ഇൻഷുറൻസുകള് അയാളുടെ ലോണുകൾ അടയ്ക്കുമായിരുന്നു, കൂടാതെ പ്രാശാന്തിന്റെ കുടുംബത്തിന് വീടും കാറും നഷ്ടമാവുകയും ഇല്ലായിരുന്നു.

• **വിരമിക്കൽ പ്ലാനുകള്**:എന്റോവ്മെന്റ് പ്ലാനിനുപകരം, പ്രശാന്ത് ഒരു ടേം ഇൻഷുറൻസ് പ്ലാന് ആരംഭിക്കുകയും ബാക്കി തുക കൊണ്ട് വിരമിക്കൽ പ്ലാന് വാങ്ങുകയും ചെയ്യണമായിരുന്നു

**സംഗ്രഹം**
ഈ അദ്ധ്യായത്തിൽ നമ്മള് കണ്ടത് ശരിയായ പരിരക്ഷയ്ക്ക് ഒരാളുടെ മൃത്യുമോ വൈകല്യമോ ഉണ്ടായാലും ശരിയായ പദ്ധതിയിടൽ വഴി കുടുംബത്തിന്റെ ക്ഷേമം ഉറപ്പുവരുത്താനും ദുരന്തങ്ങള് ഇല്ലാതിരിക്കാനും സഹായിക്കും എന്നാണ്.

ഒരു പ്രൊഫഷണൽ ലൈഫ് ഇൻഷുറൻസ് ഏജന്റ് എന്ന നിലയില് നിങ്ങള് ചെയ്യേണ്ടത്:

• ലഭ്യമായ ഇൻഷുറൻസ് ഉൽപന്നങ്ങളും അവയുടെ പ്രത്യേകതകളും അറിഞ്ഞിരിക്കണം;
• ഒരു വ്യക്തിയുടെ പരിരക്ഷാ ആവശ്യങ്ങൾ അവലോകനം ചെയ്യാന് സാധിക്കണം; കൂടാതെ
• ഏതെല്ലാം ലൈഫ് ഇൻഷുറൻസ് ഉൽപന്നങ്ങള് ഏതെല്ലാം ആവശ്യങ്ങളെ അഭിസംബോധന ചെയ്യാന് മതിയായതാണ് എന്ന് മനസ്സിലാക്കണം.

## പ്രധാന കാര്യങ്ങൾ

ഈ അദ്ധ്യായത്തിൽ ചർച്ച ചെയ്ത പ്രധാനപ്പെട്ട ആശയങ്ങള് താഴെ സംഗ്രഹിച്ചിരിക്കുന്നു:

### പരിരക്ഷാ ആവശ്യങ്ങൾ

• ഒരു വ്യക്തിയുടെ സാധാരണ പരിരക്ഷാ ആവശ്യങ്ങള്: വരുമാനം, വൈദ്യ ചിലവുകൾ, കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം, വിവിധ ആസ്തികളിലുള്ള ലോണുകള്, കുടുംബത്തിന്റെ അതിജീവനം എന്നിവയാണ്.

• പരിരക്ഷാ ആവശ്യങ്ങളെ ബാധിക്കുന്ന വ്യക്തിപരമായ ഘടകങ്ങൾ: പ്രായം; ആശ്രിതർ, വരുമാനം, ആസ്തികൾ കൂടാതെ ബാദ്ധ്യതകള്.

### ഇൻഷുറൻസ് ഉൽപന്നങ്ങള്

• ഇൻഡ്യയിലുള്ള ഭൂരിഭാഗം ഇൻഷുറൻസ് കമ്പനികളും വാഗ്ദാനം ചെയ്യുന്ന ഇൻഷുറൻസ് പ്ലാനുകൾക്ക് രണ്ട് പ്രധാന ഘടകങ്ങളുണ്ട്:മൃത്യു പരിരക്ഷയും മെച്യൂരിറ്റി ആനുകൂല്യവും.

• ടേം ഇൻഷുറൻസ് പ്ലാന് മൃത്യു പരിരക്ഷ മാത്രമേ വാഗ്ദാനം ചെയ്യുന്നുള്ളൂ, അതും പോളിസി കാലാവധിയിൽ മരിച്ചാല് മാത്രം.

• ഒരു ശുദ്ധ എന്റോവ്മെന്റ് പ്ലാൻഇൻഷുറൻസ് പ്ലാനിന്റെ നേർവിപരീത വാക്കാണ്. പ്ലാൻ കാലാവധി അതിജീവിക്കുകയാണെങ്കിൽ ലൈഫ് ഇൻഷേർഡിന് നിശ്ചിതമായ ഒരു തുക മാത്രം (സം ഇൻഷേർഡ്) മാത്രം ലഭിക്കും.

• ഒരു എന്റോവ്മെന്റ് ഇൻഷുറൻസ് പ്ലാന് എന്നാല് അടിസ്ഥാനപരമായി ടേം ഇൻഷുറൻസ് പ്ലാനിന്റെയും ശുദ്ധ എന്റോവ്മെന്റ് പ്ലാനിന്റെയും മിശ്രണമാണ്. ഇത് വാഗ്ദാനം ചെയ്യുന്നത് പോളിസി കാലാവധിയിൽ മരിച്ചാലും മെച്യൂരിറ്റി ആയാലും ആനുകൂല്യങ്ങള് ലഭിക്കുമെന്നാണ്

• എന്റോവ്മെന്റ് പോളിസികൾക്ക് പ്രീമിയത്തില് ഉൾപ്പെടുത്തപ്പെട്ട നിക്ഷേപ ഘടകമുണ്ട്. ഈ തുക ഇൻഷുറൻസ് കമ്പനി പോളിസി ഉടമകളുടെ പേരില് നിക്ഷേപിക്കുകയും ലഭിക്കുന്ന ലാഭം ബോണസ്സുകളുടെ രൂപത്തിൽ പോളിസി ഉടമകൾക്ക് തിരികെ നൽകുകയും ചെയ്യും.

• ഒരു മൊത്തം ലൈഫ് ഇൻഷുറൻസ് പ്ലാന് വ്യക്തിയെ ജീവിതകാലം മുഴുവന് പരിരക്ഷിക്കുന്നു.

• പരിവർത്തിപ്പിക്കാവുന്ന ഇൻഷുറൻസ് പ്ലാനുകള് ഒരു തരത്തില് നിന്ന് മറ്റൊന്നിലേയ്ക്ക് പരിവർത്തിപ്പിക്കാവുന്നതാണ്. ഉദാഹരണത്തിന്, ഒരു ടേം ഇൻഷുറൻസ് പ്ലാന് എന്റോവ്മെന്റ് പോളിസിയായോ അല്ലെങ്കിൽ മൊത്തം ലൈഫ് ഇൻഷുറൻസ് പോളിസിയായോ കമ്പനി സമ്മതിക്കുന്ന പ്രകാരം പരിവർത്തിപ്പിക്കാവുന്നതാണ്.

• സംയുക്ത ലൈഫ് ഇൻഷുറൻസ് പ്ലാനുകള് ഒരു പോളിസിയ്ക്ക് കീഴില് രണ്ട് വ്യക്തികൾക്ക് പരിരക്ഷ വാഗ്ദാനം ചെയ്യുന്നു.

• ഒരു ആന്യുറ്റി എന്നാല് ഒരു നിശ്ചിത വർഷത്തേയ്ക്ക് തവണകളായി ലംപ് സം തുക (വാങ്ങിയ വില) ഒരു വ്യക്തിയ്ക്ക് (ആന്യുറ്റി) ആന്യുറ്റി ദാതാവ് (ഇൻഷുറൻസ് കമ്പനി) നൽകുന്ന സ്ഥിരമായ പേയ്മെന്റാണ്.

• ഒരു ഗ്രൂപ്പ് ലൈഫ് ഇൻഷുറൻസ് പോളിസി ഒരു പൊതു ലക്ഷ്യത്തിനായി ഒരുമിച്ചുകൂടിയ ആളുകൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്നു.

•മൈക്രോ ഇൻഷുറൻസ് ലക്ഷ്യമിടുന്നത് താഴ്ന്ന വരുമാനമുള്ള ഗ്രൂപ്പുകൾക്കിടയില് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കലാണ്.

• മൂലധന വിപണികളുടെ വളർച്ചയില് ഭാഗഭാക്കാകാന് യൂലിപ്പ് ഇൻഷേർഡിന് അവസരം നൽകുന്നു.

• യൂലിപ്പിൽ അപകടസാദ്ധ്യത കൈകാര്യം ചെയ്യുന്നത് ഇൻഷേർഡാണ് അല്ലാതെ പരമ്പരാഗത പ്ലാനുകളിലുള്ളതുപോലെയല്ല.

• ചൈൽഡ് ഇൻഷുറൻസ് പ്ലാനുകള് രക്ഷിതാക്കളെ അവരുടെ കുട്ടികലുടെ ഭാവി സാമ്പത്തിക ആവശ്യങ്ങളായ വിദ്യാഭ്യാസം വിവാഹം എന്നിവ സംരക്ഷിക്കാൻ സഹായിക്കുന്നു

• മണി ബാക്ക് പോളിസികൾ നിക്ഷേപ ഇൻഷുറൻസ്, കൂടാതെ ഏകദേശം എന്റോവ്മെന്റ് പോളിസിയ്ക്ക് സമാനമായതുമായ പ്രത്യേകതകളെ സമന്വയിപ്പിച്ചുകൊണ്ടുള്ളതാണ്.

• തൊഴിലാളികളുടെ ആവശ്യങ്ങൾ നിർവ്വഹിക്കാനുദ്ദേശിച്ചുള്ളവയാണ് സാലറി സേവിംഗ്സ് സ്കീമുകള് (എസ്എസ്എസ്). ഈ സ്കീമുകളിൽ ഇൻഷുറൻസ് കമ്പനിയ്ക്ക് തൊഴില് ദാതാവുമായി ഒരു കാരാറുണ്ട്. അതുവഴി തൊഴിൽ ദാതാവ് ജീവനക്കാരന്റെ ശമ്പളത്തില് നിന്ന് ഒരു തുക കുറച്ച് അത് പ്രീമിയമായി അടുത്ത മാസമടയ്ക്കാനായി ഇൻഷുറൻസ് കമ്പനിയ്ക്ക് കൈമാറുന്നു.

## നികുതിയീടാക്കലും നാണയപ്പെരുപ്പവും

• ആദായനികുതി നിയമത്തിന്റെ വിഭാഗം 80സി പ്രകാരം വിവിധ ഭാഗങ്ങളിലായി ഒരു വ്യക്തി നടത്തുന്ന 1,00,000 രൂപ വരെയുള്ള നിക്ഷേപങ്ങള് നികുതിയിളവിന് യോഗ്യമാണ്.

• നിലവിലെ നികുതി നിയമപ്രകാരം അടച്ച പ്രീമിയം സം ഇൻഷേർഡിന്റെ 20% അല്ലെങ്കില് 20% ൽ കുറവായിരിക്കണം; അല്ലെങ്കിൽ സം ഇൻഷേർഡിനായി അടച്ച പ്രീമിയത്തിന്റെ തവണ അഞ്ചോ അതിലധികമോ ആയിരിക്കണം.

• നിലവിലുള്ള നികുതി നിയമപ്രകാരം ലൈഫ് ഇൻഷേർഡിനോ അല്ലെങ്കില് നോമിനി/ബെനിഫിഷ്യറി എന്നിവർക്ക് ലഭിക്കുന്ന മൃത്യു പരിരക്ഷയും ആദായനികുതി നിയമത്തിന്റെ വകുപ്പ് 10 (10 ഡി) പ്രകാരം നികുതിയിളവിന് യോഗ്യമാണ്.

•നാണയപ്പെരുപ്പം ഇൻഷുറൻസ് പരിരക്ഷയുടെ മൂല്യം ദീർഘകാലാടിസ്ഥാനത്തില് കുറയ്ക്കുന്നു.

• ചില കമ്പനികള് സം ഇൻഷേർഡ് എല്ലാ വർഷവും കൂട്ടാനോ കുറയ്ക്കാനോ അനുവദിക്കാറുണ്ട്. ഇത് ഇൻഷേർഡിന് നാണയപ്പെരുപ്പത്തില് നിന്നും സ്വയം രക്ഷ നേടാന് സഹായിക്കും.

• ചില ഇൻഷുറൻസ് കമ്പനികള് ഇൻഷുറൻസ് കവര് നിശ്ചിത ഇടവേളകളില് ലോണുകള് കുറയുന്നപക്ഷം കുറയ്ക്കുന്നതരത്തിലുള്ള ആനുകൂല്യം വാഗ്ദാനം ചെയ്യുന്നുണ്ട്.

## പരിരക്ഷാ ആവശ്യങ്ങളെ മുൻഗണനാ അടിസ്ഥാനത്തില് തിരിക്കല്

• പരിമിതമായ സാമ്പത്തിക ഉറവിടങ്ങള് മാത്രമുള്ള ഒരു വ്യക്തിയ്ക്ക് ഒരേ സമയം എല്ലാ പരിരക്ഷാ ആവശ്യങ്ങളും നേടുക സാദ്ധ്യമല്ല. ഇവിടെയാണ് ആവശ്യങ്ങളെ മുൻഗണനാടിസ്ഥാനത്തില് തിരിക്കുക എന്ന ആശ്യത്തിന് പ്രാധാന്യം ലഭിക്കുന്നത്.

• ഒരു വ്യക്തിയ്ക്ക് തന്റെ ആവശ്യങ്ങള് അത്യന്താപേക്ഷിതം, ഉയർന്നത്, താഴ്ന്നത് എന്നിങ്ങനെ തരം തിരിക്കാനും ഉറവിടങ്ങളെ അതിനനുസരിച്ച് ഉപയോഗിക്കാനുമാകും.

## ചോദ്യോത്തരങ്ങൾ

5.1 ഭൂരിഭാഗം ഇൻഷുറൻസ് കമ്പനികളും വാഗ്ദാനം ചെയ്യുന്ന ഇൻഷുറൻസ് പ്ലാനുകൾക്ക് രണ്ട് പ്രധാന ഘടകങ്ങളുണ്ട്:

- **മൃത്യു പരിരക്ഷ** – ഈ തുക ഇൻഷുറൻസ് നോമിനി/ബെനിഫിഷ്യറിയ്ക്ക് പോളിസി കാലാവധിയില് ഇൻഷേർഡിന് അകാല മരണം സംഭവിക്കുകയാണെങ്കില് നൽകുന്നു.
- **മെച്യൂരിറ്റി ആനുകൂല്യം** – ഈ തുക പോളിസി മെച്യൂറായാൽ ഇൻഷേർഡായ പോളിസി കാലാവധി അതിജീവിച്ച ആൾക്ക് നൽകുന്നു. മണീ ബാക്ക് പോളിസികൾ പോലുള്ളവ മെച്യൂരിറ്റിയ്ക്ക് മുമ്പുതന്നെ നിശ്ചിതസമയങ്ങളിൽ പേയ്മെന്റ് നടത്തുന്നു, ഇത് അതിജീവന ആനുകൂല്യങ്ങൾ എന്നറിയപ്പെടുന്നു.

5.2 ഒരു ഗ്രൂപ്പ് ഇൻഷുറൻസ് പ്ലാനിന്റെ പ്രത്യേകതകള്:

- ഒരു ഗ്രൂപ്പ് ലൈഫ് ഇൻഷുറൻസ് പോളിസി ഒരു പൊതു ലക്ഷ്യത്തിനായി ഒരുമിച്ചുകൂടിയ ആളുകൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്നു
- ഒരു ഗ്രൂപ്പ് ആളുകൾ ആകാവുന്നത്:
  – ഒരു സ്ഥാപനത്തിലെ ജീവനക്കാർ;
  – ഒരു ബാങ്കിലെ ഉപഭോക്താക്കൾ;
  – ഒരു ട്രേഡ് യൂണിയനിലെ അംഗങ്ങൾ;
  – അക്കൌണ്ടന്റുമാരുടെ അസോസിയേഷന് ഒക്കെപ്പോലെ ഒരു ബോഡിയുടെ അംഗങ്ങൾക്ക്; അല്ലെങ്കിൽ
  – പരസ്പരം ഒരുമിച്ച് ചേർന്ന് പൊതുവായ ലക്ഷ്യത്തിനായി പ്രവർത്തിക്കുന്ന ഒരു കൂട്ടം ആളുകൾക്ക്.
- ഒരു ഗ്രൂപ്പ് ഇൻഷുറൻസ് പോളിസിയില് ഇൻഷുറൻസ് കമ്പനി ഗ്രൂപ്പിലെ എല്ലാ അംഗങ്ങളെയും പരിരക്ഷിക്കുന്ന ഒരു മാസ്റ്റര് പോളിസി പുറപ്പെടുവിക്കുന്നു. ഉദാഹരണത്തിന് ഒരു ഇൻഷുറൻസ് കമ്പനി ഒരു വ്യക്തിയ്ക്ക് കമ്പനിയിലെ എല്ലാ ആളുകളെയും പരിരക്ഷിച്ചുകൊണ്ടുള്ള മാസ്റ്റർ പോളിസി നൽകും. ഈ ജീവിനക്കാരനെ 'മാസ്റ്റർ പോളിസി ഉടമ' എന്നു വിളിയ്ക്കുന്നു.

- ഇൻഷുറൻസിന്റെ ബന്ധം മാസ്റ്റര് പോളിസി ഉടമയും ഇൻഷുറൻസ് കമ്പനിയും തമ്മിലായിരിക്കും. മറ്റ് ജീവനക്കാർ നേരിട്ട് ഇൻഷുറൻസ് കരാറിന്റെ ഭാഗമല്ല.
- ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികള് സാമൂഹ്യ സേവനത്തിനായി ഒരുപാടാളുകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകാനായി ഉദ്ദേശിച്ച് ആരംഭിച്ചിട്ടുള്ളവയാന് (ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കുവേണ്ടി).
- 2005 ജൂലായില് ഗ്രൂപ്പ് ഇൻഷുറൻസ് പോളിസികൾക്കായുള്ള ഇൻഷുറൻസ് വ്യവസായ നിയമം (ഐആർഡിഎ) മാര്ഗനിർദ്ദേശങ്ങള് പുറപ്പെടുവിച്ചു..

## സ്വയം - പരീക്ഷാ ചോദ്യങ്ങള്

1. ഒരു വ്യക്തിയുടെ പരിരക്ഷാ ആവശ്യങ്ങള് പട്ടികപ്പെടുത്തുക.
2. എന്താണ് പരിവർത്തിപ്പിക്കാവുന്ന പ്ലാനുകൾ? അവയുടെ പ്രത്യേകതകളെന്താണ്?

**ഉത്തരങ്ങൾ നിങ്ങൾക്ക് അടുത്ത പേജില് കാണാനാകും**

## സ്വയം - പരീക്ഷാ ഉത്തരങ്ങള്

**1.** ഒരു വ്യക്തിയുടെ വിവിധ പരിരക്ഷാ ആവശ്യങ്ങള്:

- വരുമാന പരിരക്ഷ;
- വൈദ്യ ചിലവുകളുടെ ആവശ്യങ്ങൾ;
- കുട്ടികളുടെ വിദ്യാഭ്യാസം;
- കുട്ടികളുടെ വിവാഹം;
- വിവിധ ആസ്തികളുടെ ലോണുകള്; കൂടാതെ
- കുടുംബത്തിന്റെ നോക്കിനടത്തല്.

**2.** പേര് സൂചിപ്പിക്കുന്നതുപോലെത്തന്നെ, ഇൻഷുറൻസ് പ്ലാനുകള് ഒരു തരത്തില് നിന്ന് മറ്റൊന്നിലേയ്ക്ക് പരിവർത്തിപ്പിക്കാവുന്നതാണ്. ഉദാഹരണത്തിന്, ഒരു ടേം ഇൻഷുറൻസ് പ്ലാന് എന്റോവ്മെന്റ് പോളിസിയായോ അല്ലെങ്കിൽ മൊത്തം ലൈഫ് ഇൻഷുറൻസ് പോളിസിയായോ കമ്പനി സമ്മതിക്കുന്ന പ്രകാരം പരിവർത്തിപ്പിക്കാവുന്നതാണ്.

ഒരു പരിവർത്തിപ്പിക്കാവുന്ന പ്ലാന് ആദ്യം ഉയർന്ന പ്രീമിയം അടയ്ക്കാനാകാത്ത സാഹചര്യത്തില് വളരെ പ്രയോനകരമാണ്. അതിനാൽ തന്നെ അവർക്ക് ഒരു ടേം ഇൻഷുറൻസ് അതും താഴ്ന്ന പ്രീമിയം നിരക്കിൽ ആരംഭിച്ച് പിന്നീട് എന്റോവ്മെന്റ് പ്ലാനായോ മൊത്തം ലൈഫ് ഇൻഷുറൻസ് പ്ലാനായോ വികസിപ്പിക്കാവുന്നതാണ്. അതുകൂടാതെ, പ്ലാൻ പരിവർത്തിപ്പിക്കുന്ന സമയത്ത് ലൈഫ് ഇൻഷ്വേർഡിന് വൈദ്യ പരിശോധന നടത്തേണ്ട ആവശ്യവുമില്ല.